www.malankaralibrary.com



വചന വഴി വെളിച്ചം – 7




# കഹനൂസ

## വൈദികർക്കുള്ള അനുദിന ധ്യാന ചിന്തകൾ



ഫാ. മാത്യു ചിറയിൽ




www.malankaralibrary.com






















വചനവഴി വെളിച്ചം
ഗ്രന്ഥരചനാ പരമ്പര




www.malankaralibrary.com

സമർപ്പണം

മെത്രാഭിഷേക സ്വീകരണത്തിന്റെ രജതജൂബിലി ആഘോഷിക്കുന്ന
മലങ്കര കത്തോലിക്കാ സഭ തിരുവല്ല അതിരൂപത ആർച്ച് ബിഷപ്പ്
അഭിവന്ദ്യ ഡോ.തോമസ് മാർ കൂറിലോസ് മെത്രാപ്പോലീത്തായ്ക്ക്
വൈദികഗണത്തിന്റെ പ്രാർത്ഥനാശംസകൾ

17-07-1997 to 17-07-2022



www.malankaralibrary.com



# കഹനൂസ







**ജനുവരി 01**



**പൗരോഹിത്യമാണ്**
**അന്തസുകളുടെ ഉച്ചസ്ഥാനം**

വി. ഇഗ്നേഷ്യസ്

**ജനുവരി 02**



**അനന്തമായ അന്തസാണ്**
**പൗരോഹിത്യം**

വി. എഫ്രേം

**ജനുവരി 03**



**ദൈവത്തിനും മനുഷ്യനുമിടയിൽ**
**പുരോഹിതനെ**
**പ്രതിഷ്ഠിച്ചിരിക്കുന്നു**

ഇന്നസെന്റ് III

**ജനുവരി 04**



**ലോകത്തിലുള്ള**
**എല്ലാ അന്തസുകളെക്കാളും**
**ശ്രേഷ്ഠമാണ് പൗരോഹിത്യം**

വി. അംബ്രോസ്

www.malankaralibrary.com



# കഹനൂസ






## ജനുവരി 05



**പുരോഹിതൻ ദൈവവുമായി അടുത്ത് ഇടപഴകുന്നു**


വി. എഫ്രേം

## ജനുവരി 06



**രാജകുമാരന്മാർ ശരീരത്തെ ബന്ധിക്കുന്നു. പുരോഹിതൻ ആത്മാക്കളെ ബന്ധിക്കുന്നു**

വി. ജോൺ ക്രിസോസ്റ്റം



## ജനുവരി 07



**ഒരു മാലാഖയേയും ഒരു പുരോഹിതനെയും ഞാൻ കാണുന്ന പക്ഷം ആദ്യം ഞാൻ പുരോഹിതന്റെ മുന്നിൽ മുട്ടുകുത്തും. അതിനുശേഷം മാലാഖക്കു മുന്നിൽ**

വി. ഫ്രാൻസിസ് അസീസി

## ജനുവരി 08



**മറ്റൊരു ക്രിസ്തു എന്നപോലെ തന്നെ പുരോഹിതൻ അൾത്താരയെ സമീപിക്കട്ടെ.**

വി. ലോറൻസ് ജസ്റ്റിനിയൻ

www.malankaralibrary.com



# കഹനൂസ



## ജനുവരി 09



ഒരു പുരോഹിതൻ പാപങ്ങൾ മോചിക്കുന്നതു വഴി ആത്മാക്കളെ വിശുദ്ധീകരിക്കുന്ന പരിശുദ്ധാത്മാവിന്റെ കർത്തവ്യമാണ് നിർവ്വഹിക്കുന്നത്.

വി. അംബ്രോസ്




## ജനുവരി 10



ദൈവത്തെ വാഴ്ത്തി സ്തുതിക്കുന്നതിനുള്ള പദവിയാണ് പൗരോഹിത്യം.

കർദിനാൾ ഹ്യൂഗോ




## ജനുവരി 11



ജനങ്ങളിൽ നിന്ന് ജനങ്ങൾക്കുവേണ്ടി തിരഞ്ഞെടുക്കപ്പെടുന്ന പ്രധാനപുരോഹിതൻ ദൈവികകാര്യങ്ങൾക്കു നിയമിക്കപ്പെടുന്നതു പാപപരിഹാരത്തിനായി ബലികളും കാഴ്ചകളും അർപ്പിക്കാനാണ്.

ഹെബ്രായർ 5/1

## ജനുവരി 12



പൗരോഹിത്യത്തിന്റെ കാതൽ അടങ്ങിയിരിക്കുന്നത് ദൈവത്തിന്റെ മഹത്വത്തെ തീക്ഷ്ണമായി അന്വേഷിക്കുന്നതിലും ശേഷം ആത്മാക്കളുടെ രക്ഷയിലുമാണ്.

ഹാബർട്ട്

www.malankaralibrary.com



# കഹനൂസ





## ജനുവരി 13



**അവിടുത്തെ സ്നേഹത്തിന്റെ വികാരിമാരായി പുരോഹിതരെ അവിടുന്ന് നിയമിച്ചു.**


വി. അംബ്രോസ്

## ജനുവരി 14



**ലോകത്തിലെ ജോലിയിൽ ഏർപ്പെടാതെ പുരോഹിതൻ എല്ലാ ദിവസവും ദൈവ കാര്യങ്ങളിൽ പൂർണമായി മുഴുകണം.**

വി. സിൽവസ്റ്റർ



## ജനുവരി 15



**ആത്മാക്കളെ നേടാനുള്ള അധികാരമാണ് പൗരോഹിത്യം.**

വി. അംബ്രോസ്

## ജനുവരി 16



**ഭൂമിയെ അപേക്ഷിച്ച് സ്വർഗം എത്ര ശ്രേഷ്ഠമാണോ അത്രയും വ്യത്യസ്തമായിരിക്കണം ഒരു പുരോഹിതന്റെയും, ഒരു നല്ല ഭൗതികന്റേയും വിശുദ്ധികൾ തമ്മിലുള്ള വിഭിന്നത.**

വി. ഇസിഡോർ

www.malankaralibrary.com



# കഹനൂസ





## ജനുവരി 17



പുരോഹിതന് ശ്രേഷ്ഠമായ കൃപകൾ നൽകപ്പെട്ടു – പുണ്യപ്പെട്ട ജീവിതം നയിക്കണം.


വി. അംബ്രോസ്

## ജനുവരി 18



കർത്താവിന് തന്നെത്തന്നെ പൂർണമായും സമർപ്പിച്ചതിന്റെ പ്രതീകാത്മതയാണ് പുരോഹിതൻ അനുവർത്തിക്കേണ്ടത്.

വി. തോയോഡൊറെറ്റ്



## ജനുവരി 19



ദിവ്യബലി യോഗ്യതയോടെ അർപ്പിക്കുവാൻ പുരോഹിതൻ പൂർണമായും ആദ്യം ദൈവത്തിന് സമർപ്പിക്കണം.

വി. അംബ്രോസ്

## ജനുവരി 20



യൗവനകാലം മുതൽ മരണം വരെയും ഒരു പുരോഹിതൻ ഒരു സമ്പൂർണ ദഹന ബലിയായിരിക്കണം.

ഹെസിഷ്യസ്

# കഹനൂസ





## ജനുവരി 21



**കർത്താവാണ് എന്റെ ഓഹരിയും പാനപാത്രവും.**


സങ്കീർത്തനം 16/5

## ജനുവരി 22




**പുരോഹിതന്റെ സഭാ വസ്ത്രങ്ങൾ അവയുടെ ഘടനയും, ജീവിത വിശുദ്ധിയും ആഹ്വാനം ചെയ്യുന്നു, ആജ്ഞാപിക്കുന്നു.**

വി. ജറോം



## ജനുവരി 23



**പുരോഹിതൻ തിന്മയിൽ നിന്ന് അകലം പാലിക്കണം. പരിപൂർണതയിൽ എത്തപ്പെടാൻ നിരന്തരമായി പ്രയത്നിക്കണം.**

വി. ബർണാർദ്

## ജനുവരി 24



**പൂർണമായും ഒരു വിശുദ്ധ ജീവിതം നയിക്കുവാൻ ലോകത്തിനും, അത്യാസക്തികളിലും പുരോഹിതൻ മരണപ്പെട്ടിരിക്കണം.**

വി. ഗ്രിഗറി

www.malankaralibrary.com




# കഹനൂസ





## ജനുവരി 25



**പുരോഹിതൻ ദൈവത്തെക്കുറിച്ചു പരാമർശനമുള്ള കാര്യങ്ങളിൽ വ്യാപൃതനാവണം.**

വി. തോമസ് അക്വിനാസ്

## ജനുവരി 26



**തങ്ങളുടെ ഹൃദയത്തിലും കൈകളിലും യേശു ക്രിസ്തുവിനെ വഹിക്കുന്ന പുരോഹിതരുടെ വിശുദ്ധി എത്രകണ്ട് മഹനീയമായിരിക്കണം.**

പീറ്റർ ഡി. ബ്ലോയിസ്




## ജനുവരി 27



**സാധിക്കുന്നതിന്റെ പരമാവധി യേശുവിന്റെ നിർമലതയും വിശുദ്ധിയും അനുകരിച്ച് പുരോഹിതൻ അൾത്താരയെ സമീപിക്കണം.**

വി. ലോറൻസ് ജസ്റ്റിനിയൻ

## ജനുവരി 28



**വിശുദ്ധ കുർബ്ബാനയർപ്പണം നിർവഹിക്കുന്നതിനെക്കാളുപരി പുണ്യപ്പെട്ട ഒരു പ്രവൃത്തി ഒരാൾക്ക് ചെയ്യാനാവില്ല.**

ട്രന്റ് കൗൺസിൽ

www.malankaralibrary.com



# കഹനൂസ



## ജനുവരി 29



**ദൈവത്തിനും മനുഷ്യനുമിടയിൽ പുരോഹിതൻ നിൽക്കുന്നു.**

വി. ജോൺ ക്രിസോസ്റ്റം

## ജനുവരി 30



**ദൈവജനത്തിനുവേണ്ടി രാവും, പകലും, പുരോഹിതൻ പ്രാർത്ഥിക്കണം.**

വി. അംബ്രോസ്



## ജനുവരി 31



**ശുദ്ധമായ മനസാക്ഷിയോടെ പുരോഹിതൻ ദൈവത്തിന്റെ മുൻപിൽ തിളങ്ങി നിൽക്കണം, മനുഷ്യരുടെ മുൻപിൽ നല്ല മതിപ്പ് നിലനിർത്തണം.**

വി. തോമസ് അക്വിനാസ്



ജനുവരി – 1

**മോറാൻ മോർ ബസേലിയോസ് കർദ്ദിനാൾ ക്ലീമിസ് കാതോലിക്കാ ബാവായുടെ നാമഹേതുക തിരുനാൾ**

www.malankaralibrary.com



# കഹനൂസ





## ഫെബ്രുവരി 01



**പുരോഹിതൻ തന്നെ തന്നെ ശുദ്ധീകരിക്കണം ദൈവത്തിലേക്ക് ആദ്യം സമീപിക്കണം പുരോഹിതൻ സ്വയം ഒരു പ്രകാശമായിരിക്കണം.**

വി. ഗ്രിഗറി

## ഫെബ്രുവരി 02



**പുരോഹിതന്റെ കൈകൾ ഒരിക്കലും ദുഷിച്ചവയാകരുത്.**

വി. ഗ്രിഗറി



## ഫെബ്രുവരി 03



**ഒരു കണ്ണാടിയിൽ എന്ന പോലെ മറ്റുള്ളവർ പുരോഹിതരിൽ ദൃഷ്ടി പതിപ്പിക്കുന്നു.**

ട്രെന്റ് കൗൺസിൽ

## ഫെബ്രുവരി 04



**ഏറ്റവും ചെറിയ തെറ്റിൽ നിന്ന് പോലും പുരോഹിതൻ മുക്തമായിരിക്കണം.**

വി. അംബ്രോസ്


www.malankaralibrary.com

വചന വഴി വെളിച്ചം - 7

# കഹനൂസ

അനുദിന ധ്യാന ചിന്തകൾ





## ഫെബ്രുവരി 05



**പുരോഹിതൻ കർത്താവിന്റെ മാലാഖയാ യിരിക്കുന്നു. പുരോഹിതൻ പാപം ചെയ്യുമ്പോൾ സ്വർഗത്തിൽ വെച്ച് പാപം ചെയ്യുന്നു.**

വി. ബർണാദ്

## ഫെബ്രുവരി 06



**സ്വർഗീയ സ്നേഹത്താൽ തിളങ്ങേണ്ടിയിരുന്ന പുരോഹിതൻ പാപിയായപ്പോൾ മങ്ങിയ സ്വർണമായി, കറുത്തുപോയി, ദൈവത്തിന് അത്യധികം വെറുക്കപ്പെട്ടവനായി.**

കർദിനാൾ ഹ്യൂഗോ

## ഫെബ്രുവരി 07



**പുരോഹിതർ ദൈവത്തിന്റെ വിലപ്പെട്ട ഉറ്റ ചങ്ങാതിമാരാണ്.**

വി. സിറിൾ

## ഫെബ്രുവരി 08



**പുരോഹിതനായ എന്നെ ഇത്രയും ഉയർത്തിയതിൽ ആനന്ദിക്കാം. എന്നാൽ വീഴ്ചയുണ്ടാകുമെന്നു ഭയപ്പെടാം.**

വി. ജറോം

www.malankaralibrary.com



# കഹനൂസ



## ഫെബ്രുവരി 09



**കർത്താവ് നമ്മെ വിളിക്കുമ്പോൾ അവിടുന്ന് അരുളി ചെയ്യുന്നത് നമുക്ക് ശ്രദ്ധിക്കാം.**

വി. അഗസ്തിനോസ്

## ഫെബ്രുവരി 10



**വിധി ദിവസത്തിൽ ഭൗതികർക്ക് പുരോഹിതരുടെ ളോഹ ലഭിക്കും. എന്നാൽ പാപിയായ പുരോഹിതന് പൗരോഹിത്യ അന്തസ് നഷ്ടപ്പെടും.**

വി. ജോൺ ക്രിസോസ്തം



## ഫെബ്രുവരി 11



**പുരോഹിതരുടെ അന്തസ് വളരെ മഹത്തരമാണ്. എന്നാൽ അവർ പാപത്തിൽ അകപ്പെട്ടാൽ നാശം വളരെ വലുതായിരിക്കും.**

പാരീസ് കൗൺസിൽ

## ഫെബ്രുവരി 12



**നിരുത്സാഹിയായ ഒരു പുരോഹിതനെ തിരികെ കൊണ്ടു വരുന്നതിലും എളുപ്പമാണ്, കുബുദ്ധിയായ ഒരു അൽമായനെ മാനസാന്തരപ്പെടുത്താൻ.**

വി ബർണാർദ്

www.malankaralibrary.com



# കഹനൂസ



## ഫെബ്രുവരി 13



അലസനായ പുരോഹിതനെ ദൈവം കൈ ഒഴിയുന്നു.

വി. അഗസ്തിനോസ്

## ഫെബ്രുവരി 14




ദൈവ സ്നേഹം എപ്പോഴും കത്തി ജ്വലിച്ചു നിൽക്കുന്ന അൾത്താരയാവണം ഒരു പുരോഹിതന്റെ ഹൃദയം.

പീറ്റർ ഡി. ബ്ലോയിസ്



## ഫെബ്രുവരി 15



മനുഷ്യരുടെ രക്ഷക്കു വേണ്ടി പുരോഹിതൻ അദ്ധ്വാനിക്കണം.

വി. ബർണാർദ്

## ഫെബ്രുവരി 16



ഭൂമിയുമായിട്ടുള്ള ഓരോ നേരിയ അഭിനിവേശവും ആത്മീയ ഉന്നമനത്തിനു വിലങ്ങുതടിയായിരിക്കും.

കുരിശിന്റെ വി. ജോൺ

www.malankaralibrary.com



# കഹനൂസ





## ഫെബ്രുവരി 17



**അൾത്താരയിലേക്ക് പോകുന്ന ഒരു പുരോഹിതൻ അലംകൃതമാക്കേണ്ടുന്ന ആദ്യത്തെ യോഗ്യത ബ്രഹ്മചര്യമാണ്.**

ഒരിജൻ

## ഫെബ്രുവരി 18




**കർത്താവിന്റെ പവിത്ര സ്ഥാനം, ഒരു പുരോഹിതൻ അശുദ്ധമാക്കരുത്.**

കർദിനാൾ ഹ്യൂഗോ



## ഫെബ്രുവരി 19



**പുരോഹിതൻ പരിശുദ്ധാത്മാവിന്റെ ആലയമാണ്.**

വി. ഇഗ്നേഷ്യസ്

## ഫെബ്രുവരി 20



**പുരോഹിതൻ അനുചിതമായ കടാക്ഷങ്ങളിൽ നിന്ന് ഒഴിഞ്ഞു നിൽക്കണം.**

വി. ജറോം

www.malankaralibrary.com



# കഹനൂസ



## ഫെബ്രുവരി 21



സ്വർഗത്തിലെ മാലാഖമാരുടെ നടുവിൽ
നിൽക്കാൻ തക്ക യോഗ്യതക്കാവശ്യമായ വിശുദ്ധി
ഒരു പുരോഹിതന് ഉണ്ടായിരിക്കണം.

വി. ജോൺ ക്രിസോസ്റ്റം

## ഫെബ്രുവരി 22



പുരോഹിതൻ ദിവ്യ കുഞ്ഞാടിനെ സ്പർശിക്കുന്നു.
അതിന്റെ പരിശുദ്ധമായ മാംസം ഭക്ഷിക്കുന്നു.
അക്കാരണത്താൽ പുരോഹിതൻ ദൈവഭക്തർക്ക്
തുല്യമായ വിശുദ്ധി പരിശീലിക്കണം.

കാസിയൻ



## ഫെബ്രുവരി 23



ബ്രഹ്മചര്യം മനസിനെ
ശുദ്ധീകരിക്കുന്നു. അതിലൂടെ
മനുഷ്യർ ദൈവത്തെ കാണുന്നു.

വി. അഗസ്തിനോസ്

## ഫെബ്രുവരി 24



ദൈവികമായ സ്നേഹത്തിന്റെ
അഗ്നി പുരോഹിതന്
അൾത്താരയിൽ നിന്ന് ലഭിക്കുന്നു.

വി. പീറ്റർ ഡാമിയൻ

www.malankaralibrary.com



# കഹനൂസ



## ഫെബ്രുവരി 25



**അപകടകരമായ സാഹചര്യങ്ങൾ ഒഴിവാക്കുന്ന പുരോഹിതൻ വിജയം കൈവരിക്കുന്നു.**

വി. ഫിലിപ്പ് നേരി

## ഫെബ്രുവരി 26



**പ്രാർത്ഥന മാത്രമാണ് ജഢത്തിന്റെ പ്രലോഭനങ്ങളെ പ്രതിരോധിക്കാനുള്ള വഴി.**

വി. ഗ്രിഗറി



## ഫെബ്രുവരി 27



**മാലാഖമാർ ദാസരെപ്പോലെ ദിവ്യബലിയർപ്പിക്കുന്ന വൈദികനെ സഹായിക്കുന്നു.**

വി. അഗസ്തിനോസ്

## ഫെബ്രുവരി 28



**വി. കുർബ്ബാനയിൽ പുരോഹിതൻ ക്രിസ്തുവിന്റെ സ്ഥാനം വഹിക്കുന്നു.**

വി. സിപ്രിയാൻ

www.malankaralibrary.com



# കഹനൂസ






## മാർച്ച് 01



**ക്രിസ്തുവിനെ അവരുടെ കൈകളിലും ശരീരത്തിലും വഹിക്കുന്നതിനാൽ പുരോഹിതൻ എത്രയധികം വിശുദ്ധിയുള്ളവരാകണം.**


പീറ്റർ ഡി. ബ്ലോയിസ്

## മാർച്ച് 02



**മനസാക്ഷിയുടെ വിശുദ്ധിയോടെ മാത്രമേ പുരോഹിതൻ ബലിയർപ്പിക്കാവൂ.**

ട്രന്റ് കൗൺസിൽ



## മാർച്ച് 03



**ദൈവത്തെ പുരോഹിതൻ ആദരിക്കണം, സ്നേഹിക്കണം.**

വി. ഫ്രാൻസിസ് അസീസി

## മാർച്ച് 04



**പുരോഹിതൻ തന്റെ വിശുദ്ധിയാലും, ദൈവശാസ്ത്ര പഠനങ്ങളാലും, പുണ്യകർത്തവ്യങ്ങളുടെ കഠിനാദ്ധ്വാനത്താലും ദൈവത്തെ ബഹുമാനിക്കണം.**

വി. ബർണാർദ്

www.malankaralibrary.com



# കഹനൂസ





## മാർച്ച് 05



**യേശുവിന്റെ വിശുദ്ധ ശരീരം സ്പർശിക്കുന്ന ഹസ്തവും അവിടുത്തെ ദിവ്യരക്തത്താൽ ധൂമ്ര വർണമാക്കുന്ന നാവും സൂര്യന്റെ രശ്മികളേക്കാൾ വിശുദ്ധമായിരിക്കുന്നു.**

വി. ജോൺ ക്രിസോസ്റ്റം

## മാർച്ച് 06



**തന്റെ നന്മകളെ അനുകരിക്കാൻ പാകത്തിന് പുരോഹിതൻ തന്റെ വിശുദ്ധിയുടെ മഹത്വത്താൽ തിളങ്ങണം.**

വി. ജോൺ ക്രിസോസ്റ്റം



## മാർച്ച് 07



**പുരോഹിതൻ നന്മകളാൽ സമൃദ്ധരും അലംകൃതരുമാണെങ്കിൽ ജനവും സമൃദ്ധരായിരിക്കും.**

വി. ചാൾസ് ബൊറോമിയോ

## മാർച്ച് 08



**പുരോഹിതൻ സ്വർഗത്തെ അടയ്ക്കരുത്.**

വി. അഗസ്തീനോസ്

www.malankaralibrary.com




# കഹനൂസ





## മാർച്ച് 09



**ശാഖകളാകുന്ന സമൂഹാംഗങ്ങൾക്ക് പുരോഹിതനാകുന്ന വേരിൽ നിന്നത്രേ പരിപോഷണം ലഭിക്കുന്നത്.**


വി. ജോൺ ക്രിസോസ്റ്റം

## മാർച്ച് 10



**ഭൗതികരിലേക്ക് നന്മകൾ ഒഴുകിയിറക്കുന്ന ശിരസാണ് പുരോഹിതൻ.**

വി. അംബ്രോസ്



## മാർച്ച് 11



**ക്രിസ്ത്യാനികളുടെ പിതാക്കന്മാരാണ് പുരോഹിതർ.**

വി. ഗ്രിഗറി

## മാർച്ച് 12



**ദൈവത്തിന്റെ പ്രതിനിധി എന്ന നിലയിൽ എല്ലാ മനുഷ്യരെയും കാത്തു സൂക്ഷിക്കാൻ കടപ്പെട്ടവനാണ് പുരോഹിതൻ. സർവ്വലോകത്തിന്റെയും പിതാവാണ് പുരോഹിതൻ.**

വി. ജോൺ ക്രിസോസ്റ്റം

www.malankaralibrary.com



# കഹനൂസ





## മാർച്ച് 13



പുരോഹിതന്റെ പ്രവൃത്തികൾക്ക് വാക്കുകളേക്കാൾ ശക്തി ഉണ്ട്.

വി. ബർണാർദ്

## മാർച്ച് 14



മറ്റുള്ളവർക്ക് നിത്യതയിലേക്കുള്ള ഒരു പ്രബോധനമായിരിക്കണം ഒരു പുരോഹിതന്റെ ജീവിതം.

വി. അഗസ്തിനോസ്



## മാർച്ച് 15



ആത്മാക്കളെ തിന്മയിൽ നിന്നും വീണ്ടെടുക്കാനുള്ള കർത്തവ്യം ദൈവം പുരോഹിതരിൽ ഭരമേൽപിച്ചിരിക്കുന്നു.

വി. ഗ്രിഗറി

## മാർച്ച് 16




"ഞങ്ങൾ ദൈവത്തിന്റെ കൂട്ടുവേലക്കാരാണ്"

1 കോറിന്തോസ് 3/9

www.malankaralibrary.com



# കഹനൂസ





## മാർച്ച് 17



**ദൈവത്തിന്റെ രാജകീയ മന്ദിരത്തിന്റെ കാര്യ നിർവ്വാഹകരാണ് പുരോഹിതർ.**


വി. പ്രോസ്പർ

## മാർച്ച് 18



**ഭൗമിക കാര്യങ്ങൾ ഒരു രാജാവിൽ നിക്ഷിപ്തമായിരിക്കുന്നു, പുരോഹിതനിൽ സ്വർഗീയ കാര്യങ്ങളും.**

വി. ജോൺ ക്രിസോസ്റ്റം



## മാർച്ച് 19



**പുരോഹിതൻ യേശുവിന്റെ മണവാട്ടിയായ തിരുസഭയുടെ രക്ഷകർത്താവാണ്.**

വി. ബർണാർദ്

## മാർച്ച് 20



**പുരോഹിതൻ ഭൂമിയിലെ ദൈവമാണ്.**

വി. ക്ലെമന്റ്

www.malankaralibrary.com



# കഹനൂസ



## മാർച്ച് 21





മനുഷ്യരുടെ എല്ലാ
പ്രതീക്ഷയും രക്ഷയും
പുരോഹിതരുടെ കരങ്ങളിലാണ്.


വി. ഫ്ളാവിയൻ

## മാർച്ച് 22




പുരോഹിതൻ ലോകവസ്തുക്കൾ
നേടാനല്ല. മനുഷ്യരുടെ ആത്മാക്കളെ നേടാനാണ് അവരെ ഏൽപിച്ചിട്ടുള്ള ജോലി.

വി. അംബ്രോസ്



## മാർച്ച് 23



പുരോഹിതൻ എന്ന വാക്ക്
സൂചിപ്പിക്കുന്നത് വിശുദ്ധമായ
കാര്യങ്ങൾ പഠിപ്പിക്കുന്നയാൾ എന്നത്രേ.

വി. ആന്റൊണൈൻ

## മാർച്ച് 24



വിപ്രവാസിയെ തന്റെ സ്വന്തം
രാജ്യത്തിലേക്ക് വഴി
കാട്ടുന്നവനാണ് പുരോഹിതൻ.

ഹൊറാണേറിയസ്

www.malankaralibrary.com



# കഹനൂസ






## മാർച്ച് 25



ഒരു പുരോഹിതന്റെ ഉചിതമായ കർത്തവ്യം ലോകത്തിന്റെ ദുർനടപടികളിൽ നിന്നും ആത്മാക്കളെ സംരക്ഷിക്കുകയും, ദൈവത്തിലേക്ക് നയിക്കുകയുമാണ്.

വി. ആൻസെലാം

## മാർച്ച് 26



ദൈവം യേശുവിനെ ലോകത്തെ രക്ഷിക്കാൻ അയച്ചതുപോലെ പാപികളെ മാനസാന്തരപ്പെടുത്താൻ യേശുക്രിസ്തുവും പുരോഹിതരെ നിയോഗിച്ചു

വി. പാവോൺ



## മാർച്ച് 27



പുരോഹിതൻ ഭൂമിയുടെ ഉപ്പ് ആയിരിക്കാനാണ് ദൈവ നിശ്ചയം

ബീഡ്

## മാർച്ച് 28



പുരോഹിതൻ ലോകത്തിന്റെ പിതാവാണ്

വി. ജോൺ ക്രിസോസ്റ്റം

www.malankaralibrary.com



# കഹനൂസ



## മാർച്ച് 29



**ആത്മാക്കളുടെ ചികിത്സകരാണ് പുരോഹിതർ**

ഒരിജൻ

## മാർച്ച് 30



**പുരോഹിതൻ തിരുസഭയുടെ മതിലുകൾ ആണ്**

വി. ജോൺ ക്രിസോസ്തം



## മാർച്ച് 31



**വേച്ചു നടക്കുന്ന ലോകത്തെ പരിപാലിക്കുന്ന തൂണുകളാണ് പുരോഹിതർ**

വി. യുക്കേറിയസ്



മാർച്ച് 25

വിശുദ്ധ ദൈവമാതാവിനോടുള്ള വചനിപ്പ്

www.malankaralibrary.com



# കഹനൂസ





## ഏപ്രിൽ 01



**ദൈവത്തിന്റെ ഭവനമാണ് പുരോഹിതർ**

വി. ബർണാർദ്

## ഏപ്രിൽ 02



**കർത്താവിന്റെ മുന്തിരിത്തോട്ടത്തിലെ കൃഷിക്കാരാണ് പുരോഹിതർ**

വി. ജോൺ ക്രിസോസ്തം



## ഏപ്രിൽ 03



**ദൈവത്തിന്റെ താല്പര്യങ്ങളുടെ കാര്യനിർവ്വാഹകരാണ് പുരോഹിതർ.**

വി. അഗസ്തിനോസ്

## ഏപ്രിൽ 04



**പുരോഹിതൻ എത്രയധികം ആത്മാക്കളെ ഗുണദോഷിക്കുന്നുവോ അത്രയധികം ആത്മാക്കളെ അദ്ദേഹം സ്വന്തമാക്കിയിരിക്കും.**

വി. ഗ്രിഗറി



## ഏപ്രിൽ 05



**പുരോഹിതന്റെ വിശുദ്ധിയാണ് പാപികളെ മാനസാന്തരപ്പെടുത്താനുള്ള മുഖ്യമായ മാർഗം**

വി. യൂക്കേറിയസ്

## ഏപ്രിൽ 06



**ദൈവത്തിനും മനുഷ്യർക്കും മധ്യേ സമാധാനം നിലനിർത്താൻ പുരോഹിതനെ ദൈവം ഭരമേല്പിച്ചിരിക്കുന്നു**

വി. തോമസ് അക്വിനാസ്



## ഏപ്രിൽ 07



**പുരോഹിതൻ ആദ്യം ഒരു സംഭരണിയാവണം, പിന്നീട് ഒരു നീർച്ചാലാവുക**

വി. ബർണാർദ്

## ഏപ്രിൽ 08



**പുരോഹിതൻ പ്രഭാഷണം ചെയ്യുന്നതു വഴിയായി വല വിരിക്കുന്നു എന്നാൽ കുമ്പസാരം കേൾക്കുന്നതു മുഖേന അയാളെ തീരത്തോടടുപ്പിച്ച് മത്സ്യത്തെ പിടിക്കുന്നു**

ലൂയിസ് ഫിയോറില്ലോ

www.malankaralibrary.com



# കഹനൂസ





## ഏപ്രിൽ 09



**പുരോഹിതൻ ആത്മാക്കളെ രക്ഷിക്കാൻ പ്രാപ്തമാക്കുന്ന ദൈവശാസ്ത്ര ഗ്രന്ഥങ്ങൾ പഠിക്കണം**

വി. പ്രോസ്പർ

## ഏപ്രിൽ 10




**ക്രിസ്തുവിന്റെ ആട്ടിൻ പറ്റത്തിന്റെ നായകരും, ബോധകരുമാണ് പുരോഹിതർ**

വി. അംബ്രോസ്



## ഏപ്രിൽ 11



**പുരോഹിതർ ദൈവീക വിധി ന്യായങ്ങളുടെ വ്യാഖ്യാതാക്കളാണ്**

വി. ജോൺ ക്രിസോസ്റ്റം

## ഏപ്രിൽ 12



**ഒരു പുരോഹിതൻ ബലിയർപ്പിക്കുമ്പോൾ അത് പുരോഹിതന്റെ കൈകളാൽ അർപ്പിക്കുന്ന ബലിയാണെന്ന് നിങ്ങൾ വിശ്വസിക്കരുത്. എന്നാൽ അത് അദൃശ്യനായ ദൈവത്തിന്റെ നീട്ടിയ കരങ്ങളിലൂടെ അർപ്പിക്കപ്പെടുന്ന കുർബ്ബാനയാണെന്ന് വിശ്വസിക്കണം**

വി. ജോൺ ക്രിസോസ്റ്റം

www.malankaralibrary.com



# കഹനൂസ



## ഏപ്രിൽ 13



പരിശുദ്ധ കന്യകയുടെ ഉദരത്തിലെന്നപോലെ
സ്വന്തം കൈകളിൽ ദൈവപുത്രൻ മനുഷ്യാവതാരം
എടുക്കുന്ന പുരോഹിതരുടെ
ഓ ആരാധ്യമായ അന്തസേ.

വി. അഗസ്തിനോസ്

## ഏപ്രിൽ 14



പുരോഹിതൻ ഒരു പ്രാവശ്യം
ഭക്ഷിക്കുന്ന ദിവ്യഭക്ഷണം മതിയാകും
അവരെ വിശുദ്ധരാക്കാൻ

വി. മേരി മഗ്ദലിൻ ഡി പാസി



## ഏപ്രിൽ 15



വിശുദ്ധ കുർബാന അർപ്പിക്കുമ്പോൾ
ലൗകികമായ എല്ലാ ചിന്തകളിൽ നിന്നും
പുരോഹിതൻ വിട്ടു നിൽക്കണം

വി. ഫ്രാൻസിസ് ഡി. ഡാലസ്

## ഏപ്രിൽ 16



പാപികൾക്കായി മദ്ധ്യസ്ഥം വഹിക്കുന്ന
കർത്തവ്യം നിർവ്വഹിക്കാനും
വേണ്ടികൂടിയാണ് പുരോഹിതൻ
അൾത്താരയിൽ പ്രവേശിക്കുന്നത്

വി. ലോറൻസ് ജസ്റ്റിനിയൻ

വചന വഴി വെളിച്ചം - 7

# കഹനൂസ

അനുദിന ധ്യാന ചിന്തകൾ



## ഏപ്രിൽ 17



**മാലാഖമാർ വഴി പുരോഹിതൻ തന്റെ പ്രാർത്ഥനകൾ ദൈവത്തിങ്കലേക്ക് എത്തിക്കുന്നു. ദൈവജനം അവരുടെ പ്രാർത്ഥനകൾ പുരോഹിതരിലൂടെ സമർപ്പിക്കുന്നു.**

വി. തോമസ് അക്വിനാസ്

## ഏപ്രിൽ 18



**പുരോഹിതൻ ദൈവത്തെ ബഹുമാനിക്കണം. പുരോഹിതൻ യേശുവിന്റെ പീഢാനുഭവങ്ങളുടെ ഓർമ്മകൾ കൊണ്ടാടണം. പുരോഹിതൻ ആഗോള തിരുസഭക്ക് കൃപകളും, വരദാനങ്ങളും സമ്പാദിക്കണം**

വി. ബൊനവെന്തുര



## ഏപ്രിൽ 19



**പുരോഹിതൻ ഗുരുനാഥനായി മുൻപേ പോകണം**

ആബട്ട് ഫിലിപ്പ്

## ഏപ്രിൽ 20



**മറ്റുള്ളവരുടെ തെറ്റുകൾ തിരുത്താൻ വേണ്ടി എല്ലാവരിലും ഉപരിയായി പ്രതിഷ്ഠിച്ചിരിക്കുന്നയാൾ പ്രശംസാർഹകനും അനിന്ദ്യനുമായിരിക്കണം**

ഹോർമിസ്ഡാസ് മാർപാപ്പ

www.malankaralibrary.com



# കഹനൂസ



## ഏപ്രിൽ 21



**പുരോഹിതർ നന്മകളുടെ പ്രകാശത്താൽ തിളങ്ങിയിരിക്കണം**

പിസാ കൗൺസിൽ





## ഏപ്രിൽ 22



**പുരോഹിതൻ വിശുദ്ധിയുടെ ഗുരുനാഥൻ**

വി. ഗ്രിഗറി

## ഏപ്രിൽ 23



**ജനത്തെ പഠിപ്പിക്കാൻ ചുമതലപ്പെട്ടയാളാണ് പുരോഹിതൻ**

വി. ഇസിഡോർ

## ഏപ്രിൽ 24



**പുരോഹിതരുടെ ജീവിതം മറ്റുള്ളവർക്ക് രക്ഷയുടെ തിരുകർമ്മം ആയിരിക്കണം**

വി. അഗസ്തിനോസ്

www.malankaralibrary.com



# കഹനൂസ





## ഏപ്രിൽ 25



**എല്ലാ മനുഷ്യരും അവരെ ദർശിക്കുന്ന ലോകത്തിന്റെ കണ്ണാടിയാണ് പുരോഹിതർ**

ട്രന്റ് കൗൺസിൽ

## ഏപ്രിൽ 26



**നല്ല മാതൃകയാൽ പുരോഹിതൻ മറ്റുള്ളവരുടെ ഇടയിൽ തിളങ്ങണം**

വി. ഗ്രിഗറി



## ഏപ്രിൽ 27



**പൗരോഹിത്യ തിരുവസ്ത്രം, ജീവിതാവസ്ഥ എന്നിവ ജീവിത വിശുദ്ധി ആവശ്യപ്പെടുന്നു**

വി. ജറോം

## ഏപ്രിൽ 28



**പുരോഹിതൻ തന്റെ നാവ് സുവിശേഷത്തിനായി സമർപ്പിച്ചു കഴിഞ്ഞിരിക്കുന്നു**

വി. ബർണാർദ്

www.malankaralibrary.com



# കഹനൂസ





## ഏപ്രിൽ 29



**യഥാർത്ഥ പുരോഹിതർ ആയിരിക്കുന്ന വർ ബ്രഹ്മചര്യത്തിന്റെ ജീവിത വിശുദ്ധി നയിക്കുന്നവർ മാത്രമാണ്**

വി. ക്ലമന്റ്




ഏപ്രിൽ 25
സുവിശേഷകനായ വി. മർക്കോസ്



## ഏപ്രിൽ 30



**എല്ലാത്തിനുമുപരി ദൈവത്തിന്റെ അൾത്താരയിൽ ശുശ്രൂഷ ചെയ്യുന്ന പുരോഹിതർ ബ്രഹ്മചര്യ വിശുദ്ധിയിൽ വലയം ചെയ്യപ്പെട്ടിരിക്കണം**

ഒരിജൻ



ഏപ്രിൽ 23
മാർ ഗീവറുഗീസ് സഹദ

www.malankaralibrary.com



# കഹനൂസ



## മെയ് 01



**മാലാഖമാരുടെ നടുവിൽ നിൽക്കാൻ വേണ്ടുന്ന വിശുദ്ധി ഒരു പുരോഹിതനുണ്ടായിരിക്കണം**

വി. ജോൺ ക്രിസോസ്റ്റം

## മെയ് 02



**ബ്രഹ്മചര്യം തിരുസഭയുടെ അഭിമാനമാണ് – പുരോഹിതരുടെ മഹത്വമാണ്**

വി. ജറോം



## മെയ് 03



**ദൈവത്തിന്റെ ഭവനമായ പുരോഹിതൻ, യേശുവിന്റെ ആലയമായ പുരോഹിതൻ, ആത്മാക്കൾ വിശുദ്ധികരിക്കപ്പെടുന്ന പരിശുദ്ധാത്മാവിന്റെ ഉപകരണമായ പുരോഹിതൻ ആവശ്യമായും ബ്രഹ്മചര്യം പരിശീലിക്കണം**

വി. ഇഗ്നേഷ്യസ്

## മെയ് 04



**പുരോഹിതർ അവിശുദ്ധമായ പ്രവർത്തികൾ ഒഴിവാക്കണമെന്നു മാത്രമല്ല കണ്ണുകളാൽ ഒരു കടാക്ഷം പോലും അരുത്**


വി. ജറോം

www.malankaralibrary.com



# കഹനൂസ






## മെയ് 05



**പുരോഹിതന്റെ വാക്കുകൾ ഏറ്റവും ചുരുങ്ങിയതും കരുതലോടും സൂക്ഷിച്ചും വേണം**

വി. അഗസ്തിനോസ്

## മെയ് 06



**അലസനായി ഇരിക്കുന്ന പുരോഹിതനെ നിരവധി പിശാചുക്കൾ തുടർച്ചയായി എതിരിട്ടുകൊണ്ടിരിക്കും**

വി. ബൊനവെന്തുര



## മെയ് 07



**എളിമയിലൂടെയാണ് നാം വിശുദ്ധി ആർജ്ജിക്കുന്നത്**

വി. ബർണാർദ്

## മെയ് 08



**ആത്മനിയന്ത്രണത്തെ വിനയവുമായി സംയോജിപ്പിക്കണം**

വി. ജോൺ ക്ലിമാക്കസ്

www.malankaralibrary.com




# കഹനൂസ







## മെയ് 09



**പുരോഹിതൻ പൂർണ്ണ ഹൃദയത്തോടെ ദൈവത്തോട് പ്രാർത്ഥിക്കണം**

ലൂയിസ് ആബെല്ലി

## മെയ് 10



**ബ്രഹ്മചര്യവും, വിശുദ്ധിയും ലഭ്യമാകുന്നതിന് ആദ്യത്തെ മാർഗം ദൈവത്തോട് ചോദിക്കുകയെന്നതാണ്**

വി. സിപ്രിയൻ

## മെയ് 11



**പുരോഹിതന്റെ മനസിൽ മോശം ചിന്തകൾ വളരാൻ അനുവദിക്കരുത്, പാടില്ല. ശത്രു ചെറുതായിരിക്കുമ്പോൾ തന്നെ അതിനെ നശിപ്പിക്കുക**

വി. ജറോം

## മെയ് 12



**പുരോഹിതൻ അടക്കവുമൊതുക്കവുമില്ലാതെ ഉടുത്തൊരുങ്ങി വരുന്ന സ്ത്രീകളെ നോക്കുന്നതിൽ നിന്നും കണ്ണുകൾ പിൻവലിക്കണം**

വി. ജോൺ ക്രിസോസ്റ്റം

# കഹനൂസ






## മെയ് 13



**പുരോഹിതൻ സ്ത്രീകളെ നോക്കരുതെന്നു മാത്രമല്ല ഒരു കാര്യവും സംസാരിക്കയുമരുത് കണ്ണുകളാൽ ഒരു കടാക്ഷം പോലും അരുത്**

വി. ജറോം

## മെയ് 14



**പുരോഹിതൻ സ്ത്രീകളുമായുള്ള സമ്പർക്കങ്ങളിൽ നിന്നും വിനാശകരമായ ആസക്തികൾ മുളക്കും**

കൊർണ്ണിലിസ് എലാപിഡ്



## മെയ് 15



**ഒരു പുരോഹിതൻ ഒരു സ്ത്രീയുമായി സൗഹൃദം തുടരുകയും അതോടൊപ്പം ബ്രഹ്മചര്യം കാത്തുസൂക്ഷിക്കുകയും ചെയ്യുന്നതാണ് മരണപ്പെട്ട മനുഷ്യനെ ജീവിപ്പിക്കുന്നതിലും മഹത്തര മായ പുണ്യം ഒരാളിൽ ആവശ്യമാണ്**

വി. ബർണാർദ്

## മെയ് 16



**സ്ത്രീകളുമായി ഇടപെടുമ്പോൾ നാം ആകാശത്ത് വിമാനത്തിൽ സഞ്ചരിക്കുമ്പോഴെന്ന പോലെ വളരെ ക്ഷണികവും കടന്നുപോകുന്ന സ്ഥിതി ഉളവാകുന്ന പോലെയും ആയിരിക്കണം**

വി. സിപ്രിയാൻ

www.malankaralibrary.com



# കഹനൂസ



## മെയ് 17



പുരോഹിതൻ തന്റെ ബന്ധുക്കളായവരെപ്പോലും കൂടെ താമസിപ്പിക്കരുത്

വി. ജറോം

## മെയ് 18



പുരോഹിതൻ സ്ത്രീകളുമായി ഒരേ ഭവനത്തിൽ അതിൽ ബന്ധുക്കളാണെങ്കിൽ കൂടിയും താമസിക്കാൻ പാടില്ല

വി. ചാൾസ് ബൊറോമിയൊ



## മെയ് 19



പുരോഹിതൻ സ്ത്രീകളെ നോക്കാതെ തന്നെ അൽപം ദൂരം പാലിച്ച് അങ്ങനെയുള്ള ഘട്ടങ്ങളിൽ അവരോട് പെരുമാറണം

ഫാ. പീറ്റർ കൺസോളിനി

## മെയ് 20




വചനം പ്രസംഗിക്കുക

2 തിമോത്തിയോസ് 4/2

# കഹനൂസ





## മെയ് 21



**ഏററവും നല്ലരീതിയിൽ പ്രബോധനം ചെയ്യണമെങ്കിൽ യേശു ക്രിസ്തുവിനെ തീക്ഷ്ണമായി സ്നേഹിക്കുക**

ഫാ. ജോൺ ഡി ആവിലായ്

## മെയ് 22




**പുരോഹിതൻ അഗ്നിയിൽ ജ്വലിച്ചു നിൽക്കുന്നില്ലെങ്കിൽ മറ്റുള്ളവരെ പ്രത്യുജ്വലിപ്പിക്കാനാവില്ല**

വി. ഗ്രിഗറി



## മെയ് 23



**കേൾവിക്കാരുടെ ഉൾക്കൊള്ളാനുള്ള ശേഷിയെ ആശ്രയിച്ചായിരിക്കണം പുരോഹിതൻ ദൈവവചനം പങ്കുവക്കേണ്ടത്**

ട്രെന്റ് കൗൺസിൽ

## മെയ് 24



**കുമ്പസാരം നല്ലതുപോലെ കേൾക്കുന്നതിന് പുരോഹിതന് അതിവിശാലമായ അറിവിന്റെ ആവശ്യമുണ്ട്**

വി. ലോറൻസ് ജസ്റ്റിനിയൻ

www.malankaralibrary.com





## മെയ് 25



**കുമ്പസാരക്കാരന്റെ പദവിയാണ് മറ്റേതു പദവികളേക്കാളുപരി ഏറ്റവും പ്രധാനപ്പെട്ടതും പ്രയാസമേറിയതും**

വി. ഫ്രാൻസിസ് ഡി. സാലസ്

## മെയ് 26



**കുറ്റകൃത്യങ്ങളുടെ ന്യായാധിപനായിട്ടല്ല നിങ്ങളെ കുമ്പസാരക്കാരനായി നിയമിച്ചിരിക്കുന്നത്. കഠിന ശിക്ഷ വിധിക്കാനുമല്ല. മറിച്ച് രോഗങ്ങളെ സുഖപ്പെടുത്തുന്ന വിധികർത്താക്കളായാണ്**

വി. വിക്റ്റർ



## മെയ് 27



**പുരോഹിതർ അവരെത്തന്നെ എല്ലാ സമയവും പ്രാർത്ഥനയിൽ അർപ്പിക്കുന്നു**

വി. അംബ്രോസ്

## മെയ് 28



**ദൈവ കൃപ ലഭിക്കാൻ പുരോഹിതൻ ദൈവത്തോട് പ്രാർത്ഥിക്കണം**

വി. ഗ്രിഗറി

www.malankaralibrary.com



# കഹനൂസ



## മെയ് 29




**എല്ലാ സമയത്തും ആത്മാവിൽ പ്രാർത്ഥനാ നിരതരായിരിക്കുവിൻ**

എഫേസോസ് 6/18

## മെയ് 30



**പുരോഹിതൻ പ്രാർത്ഥിക്കാൻ പോകുന്നത് ദൈവത്തെ പ്രസാദിപ്പിക്കാനാകണം**

വി. ഫ്രാൻസിസ് ഡി. ഡാലസ്





## മെയ് 31



**മനസാലെയുള്ള പ്രാർത്ഥനയില്ലാതെ പൗരോഹിത്യത്തിന്റെ ആത്മാവിനെ ഒട്ടും ആർജിക്കാനാവില്ല**

വി. അഗസ്തിനോസ്



മെയ് 1
വി. യൗസേപ്പ് പിതാവ്
തൊഴിലാളികളുടെ മദ്ധ്യസ്ഥൻ

വചന വഴി വെളിച്ചം - 7

# കഹനൂസ

അനുദിന ധ്യാന ചിന്തകൾ

## ജൂൺ 01





പുരോഹിതൻ അവനെപ്പറ്റി ആദ്യം ശ്രദ്ധിക്കുക എന്നു പറഞ്ഞാൽ പ്രാർത്ഥിക്കുക, അതിനുശേഷം ഉപദേശിക്കുക. അതായത് പഠിക്കുക. മറ്റുള്ളവരുടെ രക്ഷ ഉറപ്പാക്കുന്നതിന് യത്നിക്കുക. ദൈവത്തെ അറിയുന്നവൻ സന്തോഷവാനായിരിക്കും

വി. അഗസ്തിനോസ്

## ജൂൺ 02




"കർത്താവിന്റെ ശുശ്രൂഷകരായ പുരോഹിതന്മാർ പൂമുഖത്തിനും ബലിപീഠത്തിനും മദ്ധ്യേ നിന്ന് കരഞ്ഞുകൊണ്ട് പ്രാർത്ഥിക്കട്ടെ"

ജോയേൽ 2/17



## ജൂൺ 03




നിന്നെക്കുറിച്ചും ശ്രദ്ധിക്കുക. അവയിൽ ഉറച്ചു നിൽക്കുക. അങ്ങനെ ചെയ്യുന്നതുവഴി നീ നിന്നെത്തന്നെയും നിന്റെ ശ്രോതാക്കളെയും രക്ഷിക്കും"

1 തിമോത്തിയോസ് 4/16

## ജൂൺ 04



യേശു ക്രിസ്തു ആയിരിക്കട്ടെ പുരോഹിതരുടെ ജ്ഞാനവും, സമ്പത്തും, രാജ്യവും

വി. പനളിനസ്

www.malankaralibrary.com



# കഹനൂസ






## ജൂൺ 05



**എന്റെ ദൈവം എന്റെ എല്ലാം.**

വി. ഫ്രാൻസിസ് അസീസി

## ജൂൺ 06



**പുരോഹിതൻ ബാഹ്യമായ കാര്യങ്ങളിൽ വ്യാപൃതനായി തിരക്കിലാകുമ്പോൾ ധ്യാനിക്കുന്ന ശീലം വിട്ടു കളയരുത്**

വി. ബർണാദ്



## ജൂൺ 07



**ഒരു പുരോഹിതൻ പരോപകാര പുണ്യപ്രവൃത്തികളിൽ മുഴുകുന്നതിനു മുൻപ് പ്രാർത്ഥനയോട് ശരണമുണ്ടായിരിക്കണം**

വി. ലോറൻസ് ജസ്റ്റീനിയൻ

## ജൂൺ 08



**സങ്കീർത്തകൻ പ്രാർത്ഥിക്കുമ്പോൾ നാമും പ്രാർത്ഥിക്കണം. സങ്കീർത്തകൻ നെടുവീർപ്പെടുമ്പോൾ നമ്മളും നെടുവീർപ്പിടണം. പ്രതീക്ഷിക്കുമ്പോൾ നാമും സങ്കീർത്തകനോടൊപ്പം പ്രതീക്ഷിക്കണം**

വി. അഗസ്തിനോസ്

www.malankaralibrary.com



# കഹനൂസ



## ജൂൺ 09



പുരോഹിതന്റെ അന്തസ് എത്രയധികമായി ഉയർത്തപ്പെടുന്നുവോ അത്രയധികമായി അദ്ദേഹത്തിന്റെ വിനയവും മഹോന്നതമായിരിക്കും.

വി. ബർണാർദ്

## ജൂൺ 10



എളിമയെന്ന ഭാവത്തെ തന്റെ സ്വഭാവത്തിൽ ഏറ്റവും തിളങ്ങി നിൽക്കുന്ന വിലപ്പെട്ട വസ്ത്രമായി പുരോഹിതൻ കരുതണം.

വി. ലോറൻസ് ജസ്റ്റിനിയൻ



## ജൂൺ 11



കർത്താവേ അങ്ങ് ആരാണ്?
ഞാൻ ആരാണ്?

വി. ഫ്രാൻസിസ് അസീസി

## ജൂൺ 12



ദൈവം സർവ്വശക്തനാണ്.
നിങ്ങൾ എളിമപ്പെടുക. അവിടുന്ന്
നിങ്ങളിൽ ഇറങ്ങി വരും.

വി. അഗസ്തിനോസ്

www.malankaralibrary.com



# കഹനൂസ





## ജൂൺ 13



**ഞാൻ എന്തായിരിക്കുന്നുവോ അത് ദൈവകൃപയാലാണ്**

1 കോറിന്തോസ് 15/10

## ജൂൺ 14



**ഞങ്ങൾ ക്രിസ്തുവിന്റെ സ്ഥാനപതികളാണ്**

2 കോറിന്തോസ് 5/20



## ജൂൺ 15



**സ്വന്തമായി എന്തെങ്കിലും മേന്മ അവകാശപ്പെടാൻ ഞങ്ങൾ യോഗ്യരല്ല. ഞങ്ങളുടെ യോഗ്യത ദൈവത്തിൽ നിന്നാണ്**

2 കോറിന്തോസ് 3/5

## ജൂൺ 16



**ഞാൻ സുവിശേഷം പ്രസംഗിക്കുന്നെങ്കിൽ അതിൽ എനിക്ക് അഹംഭാവത്തിന് വകയില്ല. അത് എന്റെ കടമയാണ്**

1 കോറിന്തോസ് 9/16

www.malankaralibrary.com



# കഹനൂസ







## ജൂൺ 17



**കർത്താവ് എളിയവരെ ഉയർത്തുന്നു**

സങ്കീർത്തനം 147/6

## ജൂൺ 18



**ഉപയോഗ ശൂന്യരായ വേലക്കാർ എന്ന് നമുക്ക് നമ്മെ വിളിക്കാം. അങ്ങനെ നന്മകൾ ഉപയോഗപ്രദമാകട്ടെ.**

വി. ജോൺ ക്രിസോസ്റ്റം

## ജൂൺ 19



**ദൈവത്തിൽ ആശ്രയിക്കുന്നവർ വീണ്ടും ശക്തി പ്രാപിക്കും**

ഏശയ്യ. 40/31

## ജൂൺ 20



**'എന്നെ ശക്തനാക്കുന്നവനിലൂടെ എല്ലാം ചെയ്യാൻ എനിക്കു സാധിക്കും'**

ഫിലിപ്പിയർ 4/13

www.malankaralibrary.com



# കഹനൂസ





## ജൂൺ 21



**എങ്കിലും വിജ്ഞാനികളെ ലജ്ജിപ്പിക്കാൻ ലോകദൃഷ്ടിയിൽ ഭോഷന്മാരായവരെ ദൈവം തെരഞ്ഞെടുത്തു.**

1 കോറിന്തോസ് 1/27

## ജൂൺ 22



**ദൈവത്തെ സ്നേഹിക്കുന്നവർക്ക് അവിടുത്തെ പദ്ധതിയനുസരിച്ച് വിളിക്കപ്പെട്ടവർക്ക് അവിടുന്ന് സകലവും നന്മക്കായി പരിണമിച്ചിരിക്കുന്നുവെന്നു നമുക്കറിയാമല്ലോ?**

റോമാ. 8/28




## ജൂൺ 23



**ദൈവത്തിന്റെ മുൻപിൽ നീ എളിമപ്പെടുക. ദൈവത്തിന്റെ കാര്യങ്ങൾക്കായി കാത്തിരിക്കുക**

പ്രഭാഷകൻ. 13/9

## ജൂൺ 24



**പുരോഹിതൻ കഴിയുന്നത്ര സൗമ്യതയോടുകൂടി മറ്റുള്ളവരെ ദൈവത്തിങ്കലേക്ക് അടുപ്പിക്കണം.**

വി. ജോൺ ക്രിസോസ്റ്റം

www.malankaralibrary.com



# കഹനൂസ





## ജൂൺ 25



**പുരോഹിതൻ കോപം നിയന്ത്രിക്കണം – നിങ്ങൾ ഒരിക്കലും ദേഷ്യപ്പെട്ടിട്ടില്ല എന്നു പറയുന്നതിനെക്കാൾ നല്ലത് നിങ്ങൾ ഉചിതമായി, ബുദ്ധിപരമായി കോപിച്ചിട്ടുണ്ട് എന്ന് പറയുന്നതാണ്.**

വി. ഫ്രാൻസിസ് ഡി സാലസ്

## ജൂൺ 26



**പുരോഹിതൻ മറ്റുള്ളവരുടെ മേൽ ഒരു അധികാരവും ആഗ്രഹിക്കരുത്– പുരോഹിതൻ എല്ലാവർക്കും വിധേയപ്പെടണം– പുരോഹിതൻ ആക്ഷേപങ്ങൾ നിശബ്ദമായി സ്വീകരിക്കണം**

വി. ബർണാർദ്



## ജൂൺ 27



**പുരോഹിതൻ അവഹേളനങ്ങൾ സമാധാനത്തോടെ സ്വീകരിച്ചാൽ വിനയാന്വിതനാകും**

വി. ഡോറോത്തേവൂസ്

## ജൂൺ 28



**അറിയപ്പെടാതിരിക്കാൻ ഇഷ്ടപ്പെടുക. ഒന്നുമല്ലെന്ന് കരുതപ്പെടാനും അഗ്രഹിക്കുക**

വി. ബൊനവെന്തുര

www.malankaralibrary.com



# കഹനൂസ



## ജൂൺ 29



**ദൈവത്തെ ദർശിക്കണമെങ്കിൽ ഹൃദയം ശുദ്ധീകരിക്കണം**

വി. അഗസ്തിനോസ്






**ജൂൺ – 11**
**തിരുവല്ല ഭദ്രാസനത്തിന്റെ സ്ഥാപനം (1932)**

## ജൂൺ 30



**നിങ്ങൾ നിങ്ങളെത്തന്നെ നിരാകരിക്കാതെ നിങ്ങൾക്ക് ഒരിക്കലും യേശു ക്രിസ്തുവിന്റെ അനുയായി ആയിരിക്കാനാവില്ല**

വി. ബർണാർദ്



**ജൂൺ – 4**
**അഭിവന്ദ്യ ഗീവർഗീസ് മാർ തിമോത്തിയോസ് തിരുമേനിയുടെ ഓർമ്മ**

www.malankaralibrary.com



# കഹനൂസ





## ജൂലൈ 01



**ഉപവാസം കൊണ്ട് ശരീരം ശോഷിപ്പിച്ചിട്ട് അതിനുശേഷം അഹങ്കാരം കൊണ്ട് അതേ ശരീരം വീർപ്പിച്ചിട്ട് എന്തു പ്രയോജനം?**


വി. ജറോം

## ജൂലൈ 02



**ദൈവത്തിനു പൂർണമായി സ്വന്തമായിരിക്കാൻ ആഗ്രഹിക്കുന്നവർ വസ്തുവിനോട്, ബഹുമതികളോട്, ബന്ധുക്കളോട്, തന്നിഷ്ടം ഇവയിൽ നിന്ന് മാറി നിൽക്കണം**

വി. ജോൺ ക്ലിമാക്കസ്



## ജൂലൈ 03



**എന്റെ കർത്താവേ എന്റെ ദൈവമേ**

വി. യോഹന്നാൻ 20/28

## ജൂലൈ 04



**ധനവും, സമ്പത്തും ശേഖരിച്ചു കൂട്ടുന്ന പുരോഹിതർ വലിയ അനർത്ഥങ്ങളിലാണ്**

വി. ഹിലാരി

www.malankaralibrary.com



# കഹനൂസ





## ജൂലൈ 05



**സമ്പത്തിനെ അന്വേഷിക്കുന്ന ഒരു പുരോഹിതൻ ഒരിക്കലും ഒരു വിശുദ്ധനാകില്ല**

വി. ഫിലിപ്പ് നേരി

## ജൂലൈ 06




**നമ്മുടെ സമ്പത്ത് എന്നു പറയുന്നത് വിശുദ്ധി, ദൈവഭക്തി, എളിമ, ശാന്തശീലത, സൗമ്യത ഇവയാണ്**

വി. പ്രോസ്പർ



## ജൂലൈ 07



**ഭൂമിയിൽ പുരോഹിതർ നിധികൾ സംഭരിക്കരുത്. എന്നാൽ സൽപ്രവൃത്തികളും ആത്മാക്കളും സ്വർഗത്തിനായി കരുതുക**

മിലാൻ കൗൺസിൽ

## ജൂലൈ 08



**ഒരു പുരോഹിതൻ വാദിക്കേണ്ട കാര്യങ്ങൾ പാവപ്പെട്ട പാപികൾക്കു വേണ്ടിയാണ്**

വി. അംബ്രോസ്

www.malankaralibrary.com



# കഹനൂസ



## ജൂലൈ 09



ഒരാൾ പതിവായിട്ടുള്ള വിനോദങ്ങൾ ഒഴിവാക്കണമെന്നല്ല എല്ലാ വിനോദങ്ങളും തന്നെ ഒഴിവാക്കണം–ഒരു വിനോദം ചിലപ്പോൾ യുക്തമായിരിക്കാം. എന്നാൽ അത് പുരോഹിതർക്ക് യുക്തമായിരിക്കില്ല.


വി. അംബ്രോസ്

## ജൂലൈ 10



സ്വന്തം മാതാവിനോടും, പിതാവിനോടും നിങ്ങളെ അറിയില്ല എന്ന് പറയാത്ത ഒരാളെ പുരോഹിതനായി തെരെഞ്ഞെടുക്കരുത്

പീറ്റർ ഡി. ബ്ലോയിസ്



## ജൂലൈ 11



നാം നമ്മുടെ മാതാപിതാക്കളെ ബഹുമാനിക്കണം. പക്ഷെ ആദ്യം നാം ദൈവത്തെ അനുസരിക്കണം

വി. അഗസ്തിനോസ്

## ജൂലൈ 12



ബന്ധുക്കളോട് വലിയ കരുണ കാണിക്കുന്നതും, ദൈവത്തെ അനുസരിക്കാതിരിക്കുന്നതും ദൈവഭക്തിയല്ല ഭക്തിയില്ലായ്മയാണ്

വി. ജറോം

www.malankaralibrary.com



# കഹനൂസ






## ജൂലൈ 13



**ദൈവവുമായി ഐക്യപ്പെടണമെങ്കിൽ ബന്ധുക്കളിൽ നിന്നും വേർപെട്ടിരിക്കണം**


വി. ഗ്രിഗറി

## ജൂലൈ 14



**ഓ യേശുവേ എന്റെ ബന്ധുക്കളുടെയിടയിൽ ഞാനെങ്ങനെ അങ്ങയെ കാണും? എന്തെന്നാൽ അങ്ങയുടെ ബന്ധുക്കൾക്കിടയിൽ അങ്ങയെ ഞാൻ കണ്ടിരുന്നില്ലല്ലോ?**

വി. ബൊനവെന്തുര



## ജൂലൈ 15



**ദൈവത്തിന്റെ മുമ്പാകെ യാഗമർപ്പിക്കുവാൻ ദൈവത്താൽ വിളിക്കപ്പെട്ടവനും ദൈവത്തിൽ നിന്ന് അധികാരം ലഭിച്ചവനുമാണ് പുരോഹിതൻ**

ദൈവദാസൻ ആർച്ചുബിഷപ്പ് മാർ ഈവാനിയോസ്

## ജൂലൈ 16



**നിന്റെ സ്വന്തം വഴിയിലൂടെ നടക്കാതെയും നിന്റെ താല്പര്യങ്ങൾ അന്വേഷിക്കാതെയും ലോകത്തിലെ ഉന്നതസ്ഥാനങ്ങളിലൂടെ നിന്നെ ഞാൻ സവാരി ചെയ്യിക്കും**

എശയ്യ 58/13

www.malankaralibrary.com



# കഹനൂസ





## ജൂലൈ 17



**പുരോഹിതൻ ആദ്യം തന്നെത്തന്നെ സ്വയം സമർപ്പിക്കണം. അതിനുശേഷം ബലിയർപ്പിക്കണം**


വി. അംബ്രോസ്

## ജൂലൈ 18



**ഒന്നും കാണാത്തതുപോലെ ഈ ലോകത്തിൽ ജീവിക്കുക. ദൈവമല്ലാതെ മറ്റൊന്നും സംതൃപ്തി നൽകില്ല എന്നതുപോലെ ജീവിക്കുക**

ലാൻസ് പെർഗ്യസ്




## ജൂലൈ 19



**നിങ്ങളെത്തന്നെ പ്രഹരിക്കുകയും ഭേദഗതി വരുത്തുകയും ചെയ്യുക**

വി. ജോൺ ക്രിസോസ്റ്റം

## ജൂലൈ 20



**കണ്ണുകളെയും, കാതുകളേയും അവഹേളിക്കാൻ മുതിരുന്ന കാര്യങ്ങളിൽ നിന്ന് പുരോഹിതർ ജാഗ്രതയുള്ളവരായിരിക്കണം**

ടൂർസ് കൗൺസിൽ

www.malankaralibrary.com



# കഹനൂസ





## ജൂലൈ 21



ചില അവസരങ്ങളിൽ കണ്ണുകൾ ഒരു സ്ത്രീയിൽ വന്നുപെടുന്നത് സംഭവിക്കുന്നെങ്കിൽ അവളിൽ നമ്മുടെ കണ്ണുകൾ ഉറയ്ക്കാതിരിക്കാൻ നമുക്ക് ശ്രദ്ധിക്കാം.

വി. അഗസ്തിനോസ്

## ജൂലൈ 22




രൂപവതിയിൽ കണ്ണു പതിയരുത്. മറ്റൊരുവനു സ്വന്തമായ സൗന്ദര്യത്തെ അഭിലഷിക്കരുത്

പ്രഭാഷകൻ 9/8




## ജൂലൈ 23



പുരോഹിതൻ കണ്ണുകൾ ഭൂമിയിൽ താഴ്ത്തി ഉറപ്പിക്കണം. അത്മാവ് സ്വർഗത്തിൽ ഉയർത്തി പ്രതിഷ്ഠിക്കണം

വി. ബേസിൽ

## ജൂലൈ 24



ഒരു പുരോഹിതന്റെ മനസ് നന്മകളാൽ തിളക്കമേറിയതും തേജസുറ്റതുമായിരിക്കണം

വി. ജോൺ ക്രിസോസ്റ്റം

www.malankaralibrary.com



# കഹനൂസ



## ജൂലൈ 25



**പുരോഹിതന്റെ അധരം ക്രിസ്തുവിന്റെ അധരമായിരിക്കണം**

വി. അൻസെലം

## ജൂലൈ 26



**ഒരു പുരോഹിതൻ ലളിതമായ വസ്ത്രം ധരിക്കണം – ആവശ്യമുള്ളതിനപ്പുറം ഏതു തന്നെയായാലും അത് ആഡംബരമാണ്**

നീസിലെ കൗൺസിൽ




## ജൂലൈ 27



**എത്ര നാണക്കേടാണ്, ഒരു സ്ത്രീയുടെ തലപോലെ പുരോഹിതന്റെ തല മോടി പിടിപ്പിച്ചു കാണുന്നത്**

വി. സിപ്രിയൻ

## ജൂലൈ 28



**സമയക്രമത്തിലല്ലാതെ ഭക്ഷിക്കുന്നത്, ആർത്തിയോടെ ഭക്ഷിക്കുന്നത്, വളരെ കൂടുതലായി ഭക്ഷിക്കുന്നത്, അധികമായ രുചിഭേദങ്ങൾ ഇവ പുരോഹിതൻ ഒഴിവാക്കണം**

വി. ബൊനവെന്തുര

www.malankaralibrary.com



# കഹനൂസ





## ജൂലൈ 29



**കൂടെക്കൂടെ അത്താഴത്തിനുള്ള ക്ഷണം സ്വീകരിക്കുന്ന പുരോഹിതർക്ക് അധിക്ഷേപങ്ങളിൽ നിന്നും രക്ഷപെടാനാവില്ല**

വി. ജറോം

## ജൂലൈ 30



**പുരോഹിതന്റെ ചിന്തകൾ മഹനീയമായിരിക്കണം, പുരോഹിതൻ ദൈവത്തിൽ ആശ്രയിക്കണം**

വി. തെരേസ



## ജൂലൈ 31



**പുരോഹിതൻ മഹത്തായ കൃപകൾ ആഗ്രഹിക്കുമ്പോൾ ദൈവത്തിന്റെ സുഹൃത്താകുന്നു**

വി. ബർണാർദ്



**ജൂലൈ 17**
**അഭിവന്ദ്യ തോമസ് മാർ കൂറിലോസ് തിരുമേനിയുടെ മെത്രാഭിഷേകത്തിന്റെ രജതജൂബിലി (1997 – 2022)**

# കഹനൂസ



## ആഗസ്റ്റ് 01





**വിധി ദിവസം വരുമ്പോൾ നമ്മൾ എന്താണ് വിചാരിച്ചതെന്ന് ചോദിക്കപ്പെടുകയില്ല. പകരം നമ്മൾ എന്തു ചെയ്തുവെന്നാണ്**


വി. തോമസ് അക്വിനസ്

## ആഗസ്റ്റ് 02



**പുരോഹിതൻ ദൈവകൃപകൾക്കായി ദൈവമാതാവിന്റെ മദ്ധ്യസ്ഥം അപേക്ഷിക്കണം**

വി. ബർണാർദ്



## ആഗസ്റ്റ് 03




**"എന്റെ കൈവയ്പിലൂടെ നിനക്കു ലഭിച്ച ദൈവികവരം ഉജ്ജ്വലിപ്പിക്കണമെന്നു ഞാൻ നിന്നെ അനുസ്മരിപ്പിക്കുന്നു"**

2 തിമോത്തിയോസ് 1/6

## ആഗസ്റ്റ് 04



**"പുരോഹിതൻ ഭൂമിയിൽ രക്ഷാകരപ്രവർത്തനം തുടരുന്നു. ലോകത്തിൽ വൈദികനാരെന്നു യഥാർത്ഥത്തിൽ മനസിലാക്കിയാൽ നാം മരിക്കും. ഭയം കൊണ്ടല്ല, സ്നേഹം കൊണ്ട്. യേശുവിന്റെ ഹൃദയത്തിലെ സ്നേഹമാണ് പൗരോഹിത്യം"**

വി. ജോൺ മരിയ വിയാനി

www.malankaralibrary.com



# കഹനൂസ





## ആഗസ്റ്റ് 05




**അഹറോനെപ്പോലെ ദൈവത്താൽ
വിളിക്കപ്പെടുകയല്ലാതെ ആരും സ്വയം
ഈ ബഹുമതി ഏറ്റെടുക്കുകയല്ല**

ഹെബ്രായർ 5/4

## ആഗസ്റ്റ് 06




**ജനങ്ങളിൽ നിന്ന് ജനങ്ങൾക്കു വേണ്ടി
തിരഞ്ഞെടുക്കപ്പെടുന്ന പ്രധാന പുരോഹിതൻ
ദൈവിക കാര്യങ്ങൾക്ക് നിയമിക്കപ്പെടുന്നത്
പാപ പരിഹാരത്തിനായി ബലികളും,
കാഴ്ചകളും അർപ്പിക്കാനാണ്.**

ഹെബ്രായർ 5/1



## ആഗസ്റ്റ് 07




**കർത്താവിന്റെ കൂടാരത്തിൽ ശുശ്രൂഷ ചെയ്യാനും
സമൂഹത്തിന്റെ മുൻപിൽ നിന്ന് സേവനം അനുഷ്ഠി
ക്കാനും ഇസ്രായേലിന്റെ ദൈവം സമൂഹത്തിൽ നിന്ന്
നിങ്ങളെ വേർതിരിച്ചത് നിസാര കാര്യമാണോ?**

സംഖ്യ 16/9

## ആഗസ്റ്റ് 08




**ഞാൻ നിങ്ങളെ മറ്റു
ജനങ്ങളിൽ നിന്നും
വേർതിരിച്ചിരിക്കുന്നു**

ലേവ്യർ 20/26

www.malankaralibrary.com



# കഹനൂസ





## ആഗസ്റ്റ് 09



**എന്നെ സമീപിക്കുന്നവർക്ക് ഞാൻ പരിശുദ്ധനാണെന്നു കാണിച്ചു കൊടുക്കും**

ലേവ്യർ 10/3

## ആഗസ്റ്റ് 10



**ദൈവത്തിന്റെ മുമ്പിൽ അവർ വിശുദ്ധരായിരിക്കണം**

ലേവ്യർ 21/6



## ആഗസ്റ്റ് 11



**അശുദ്ധ വസ്തുക്കളെ സ്പർശിക്കരുത്. കർത്താവിന്റെ പാത്രവാഹകരേ നിങ്ങൾ അവയിൽ നിന്ന് ഓടിയകലുവിൻ. നിങ്ങളെ തന്നെ ശുദ്ധീകരിക്കുവിൻ**

ഏശയ്യ 52/11

## ആഗസ്റ്റ് 12



**എല്ലാവിധത്തിലും ദൈവത്തിന്റെ ദാസന്മാരാണെന്ന് ഞങ്ങൾ അഭിമാനിക്കുന്നു**

2 കോറിന്തോസ് 6/4

www.malankaralibrary.com



# കഹനൂസ





## ആഗസ്റ്റ് 13



നിങ്ങൾ നിങ്ങളെത്തന്നെ വിശുദ്ധീകരിക്കുകയും പരിശുദ്ധരായിരിക്കുകയും ചെയ്യുവിൻ. കാരണം ഞാൻ പരിശുദ്ധനാകുന്നു

ലേവ്യർ 11/44

## ആഗസ്റ്റ് 14



ഞാൻ നല്ല ഇടയനാണ്. നല്ല ഇടയൻ ആളുകൾക്കു വേണ്ടി ജീവൻ അർപ്പിക്കുന്നു

വി. യോഹന്നാൻ 10/11



## ആഗസ്റ്റ് 15



അങ്ങയുടെ പുരോഹിതന്മാർ നീതി ധരിക്കുകയും അങ്ങയുടെ വിശുദ്ധർ ആനന്ദിച്ച് ആർപ്പു വിളിക്കുകയും ചെയ്യട്ടെ

സങ്കീർത്തനം 132/9

## ആഗസ്റ്റ് 16



പുരോഹിതൻ അധരത്തിൽ ജ്ഞാനം സൂക്ഷിക്കണം. ജനം പ്രബോധനം തേടി അവനെ സമീപിക്കണം. അവൻ സൈന്യങ്ങളുടെ കർത്താവിന്റെ ദൂതനാണ്.

മലാക്കി 2/7

www.malankaralibrary.com



# കഹനൂസ





## ആഗസ്റ്റ് 17



**ദൈവരാജ്യത്തിന്റെ രഹസ്യങ്ങൾ അറിയാൻ വരം ലഭിച്ചിരിക്കുന്നത് നിങ്ങൾക്കാണ്.**

വി. ലൂക്കാ. 8/10

## ആഗസ്റ്റ് 18



**നിങ്ങൾ ലോകത്തിന്റെ പ്രകാശമാണ്. മലമുകളിൽ പണിതുയർത്തിയ പട്ടണത്തെ മറച്ചുവക്കുക സാധ്യമല്ല**

വി. മത്തായി 5/14



## ആഗസ്റ്റ് 19



**നിന്റെ കാര്യസ്ഥതയുടെ കണക്കു ബോധിപ്പിക്കുക**

വി. ലൂക്കാ. 16/2

## ആഗസ്റ്റ് 20



**എങ്കിലും നിനക്കെതിരെ എനിക്കൊന്നു പറയാനുണ്ട്. നിനക്ക് ആദ്യമുണ്ടായിരുന്ന സ്നേഹം കൈവെടിഞ്ഞു**

വെളിപാട് 2/4

www.malankaralibrary.com



# കഹനൂസ





## ആഗസ്റ്റ് 21



**അതിനാൽ നീ ഏതവസ്ഥയിൽ നിന്നാണ് അധഃപതിച്ചതെന്നു ചിന്തിക്കുക. അനുതപിച്ച് ആദ്യത്തെ പ്രവർത്തികൾ ചെയ്യുക.**


വെളിപാട് 2/5

## ആഗസ്റ്റ് 22



**സാത്താന് നിങ്ങൾ അവസരം കൊടുക്കരുത്**

എഫേസോസ്. 4/27



## ആഗസ്റ്റ് 23



**നിന്റെ പ്രവൃത്തികൾ ഞാനറിയുന്നു. നീ തണുപ്പോ ചൂടോ ഉള്ളവനല്ല.**

വെളിപാട്. 3/15

## ആഗസ്റ്റ് 24



**തണുപ്പോ, ചൂടോ ഉള്ളവനായിരുന്നെങ്കിൽ എന്നു ഞാൻ ആഗ്രഹിക്കുന്നു**

വെളിപാട് 3/15-16

www.malankaralibrary.com



# കഹനൂസ





## ആഗസ്റ്റ് 25



**മനുഷ്യർക്കു അസാധ്യമായത് ദൈവത്തിനു സാധ്യമാണ്**

വി. ലൂക്കാ 18/27

## ആഗസ്റ്റ് 26



**ചോദിക്കുവിൻ നിങ്ങൾക്ക് ലഭിക്കും**

വി. മത്തായി 7/7



## ആഗസ്റ്റ് 27



**ഞാൻ പുരോഹിതന്മാരെ സമൃദ്ധികൊണ്ടു സന്തുഷ്ടമാക്കും**

ജറമിയ. 31/14

## ആഗസ്റ്റ് 28



**ഞങ്ങളുടെ ശുശ്രൂഷയിൽ ആരും കുറ്റം കാണാതിരിക്കേണ്ടതിന് ഞങ്ങൾ ആർക്കും ഒന്നിനും പ്രതിബന്ധം ഉണ്ടാക്കുന്നില്ല. മറിച്ച് എല്ലാ വിധത്തിലും ദൈവത്തിന്റെ ദാസന്മാരാണെന്ന് ഞങ്ങൾ അഭിമാനിക്കുന്നു.**

2 കോറിന്തോസ് 6/3–4

www.malankaralibrary.com



# കഹനൂസ





## ആഗസ്റ്റ് 29




**എല്ലാത്തരം തിന്മയിൽ നിന്ന് അകന്നു നിൽക്കുകയും ചെയ്യുവിൻ**

1 തെസലോനിക്ക 5/22

## ആഗസ്റ്റ് 30




**കർത്താവിന്റെ പുരോഹിതരെന്നു നിങ്ങൾ വിളിക്കപ്പെടും. നമ്മുടെ ദൈവത്തിന്റെ ശുശ്രൂഷകരെന്നു നിങ്ങൾ അറിയപ്പെടും**

ഏശയ്യ. 61/6




## ആഗസ്റ്റ് 31




**തെരഞ്ഞെടുക്കപ്പെട്ട വംശവും, രാജകീയ പുരോഹിത ഗണവും, വിശുദ്ധ ജനതയും ദൈവത്തിന്റെ സ്വന്തം ജനവും**

വി. പത്രോസ് 2/9



ആഗസ്റ്റ്– 4

**വൈദികരുടെ മദ്ധ്യസ്ഥനായ വിശുദ്ധ ജോൺ മരിയ വിയാനിയുടെ തിരുനാൾദിനം**

www.malankaralibrary.com



# കഹനൂസ





## സെപ്റ്റംബർ 01



**നിങ്ങൾ പോയി ഫലം പുറപ്പെടുവിക്കുന്നതിനും നിങ്ങളുടെ ഫലം നിലനിൽക്കുന്നതിനും വേണ്ടി ഞാൻ നിങ്ങളെ നിയോഗിച്ചിരിക്കുന്നു**


വി. യോഹന്നാൻ. 15/16

## സെപ്റ്റംബർ 02



**പിഴുതെറിയാനും ഇടിച്ചു തകർക്കാനും, നശിപ്പിക്കാനും, തകിടം മറിക്കാനും, പണിതുയർത്താനും, നട്ടുവളർത്താനും വേണ്ടി ഇന്നിതാ, ജനതകളുടെയും, രാജ്യങ്ങളുടെയും മേൽ നിന്നെ ഞാൻ അവരോധിച്ചിരിക്കുന്നു**

ജറമിയ 1/10



## സെപ്റ്റംബർ 03



**കണക്കേൽപ്പിക്കാൻ കടപ്പെട്ട മനുഷ്യരെപ്പോലെ അവർ നിങ്ങളുടെ ആത്മാക്കളുടെ മേൽനോട്ടം വഹിക്കുന്നു**

ഹെബ്രായർ 13/17

## സെപ്റ്റംബർ 04



**ഇതു ഭാരമേറിയ ജോലിയാണ്. നീ ദൈവത്തിന്റെ മുൻപിൽ ജനങ്ങളുടെ പ്രതിനിധിയായിരിക്കണം. അവരെ ചട്ടങ്ങളും, നിയമങ്ങളും പഠിപ്പിക്കണം. അവർ ചരിക്കേണ്ട മാർഗവും അനുഷ്ഠിക്കേണ്ട കർത്തവ്യങ്ങളും അവർക്കു നിർദ്ദേശിച്ചു കൊടുക്കണം**

പുറപ്പാട് 18/18 –20

# കഹനൂസ





## സെപ്റ്റംബർ 05



താൻ മുൻകൂട്ടി നിശ്ചയിച്ചവരെ അവിടുന്നു വിളിച്ചു. വിളിച്ചവരെ നീതീകരിച്ചു. നീതീകരിച്ചവരെ മഹത്വപ്പെടുത്തി

റോമാ. 8/30

## സെപ്റ്റംബർ 06



ഞങ്ങളുടെ യോഗ്യത ദൈവത്തിൽ നിന്നാണ്. അവിടുന്ന് ഞങ്ങളെ എഴുതപ്പെട്ട നിയമത്താലല്ല, ആത്മാവിനാൽ, പുതിയ ഉടമ്പടിയുടെ ശുശ്രൂഷകരാകാൻ യോഗ്യരായിരിക്കുന്നു.

2 കോറിന്തോസ്. 3/5-6



## സെപ്റ്റംബർ 07



നിങ്ങൾ എന്നെ തിരഞ്ഞെടുക്കുകയല്ല, ഞാൻ നിങ്ങളെ തെരഞ്ഞെടുക്കുകയാണ് ചെയ്തത്. നിങ്ങൾ പോയി ഫലം പുറപ്പെടുവിക്കുന്നതിനും, നിങ്ങളുടെ ഫലം നിലനിൽക്കു ന്നതിനും വേണ്ടി ഞാൻ നിങ്ങളെ നിയോഗിച്ചിരിക്കുന്നു.

വി. യോഹന്നാൻ 15/16

## സെപ്റ്റംബർ 08



കർത്താവാണ് എന്റെ ഇടയൻ. എനിക്കൊന്നിനും കുറവുണ്ടാകുകയില്ല. പച്ചയായ പുൽത്തകിടിയിൽ അവിടുന്ന് എനിക്ക് വിശ്രമമരുളുന്നു.

സങ്കീർത്തനം 23/12

www.malankaralibrary.com



# കഹനൂസ



## സെപ്റ്റംബർ 09



നിങ്ങളെ ഏല്പിച്ചിരിക്കുന്ന ദൈവത്തിന്റെ അജഗണത്തെ പരിപാലിക്കുവിൻ

വി. പത്രോസ് 5/2

## സെപ്റ്റംബർ 10



നിങ്ങളെയും അജഗണം മുഴുവനെ പറ്റിയും നിങ്ങൾ ജാഗരൂകരായിരിക്കുവിൻ.

അപ്പസ്തോലപ്രവർത്തനങ്ങൾ 20/28



## സെപ്റ്റംബർ 11



"ജനത്തിന്റെ പാപങ്ങളുടെ പരിഹാരത്തിനു വേണ്ടി കർത്താവിനു ബലിയർപ്പിക്കുന്നതിനും സ്മരണാംശമായി കുന്തിരിക്കവും, സുഗന്ധദ്രവ്യങ്ങളും അർപ്പിക്കുന്നതിനും അവിടുന്ന് അവനെ മാനവകുലത്തിൽ നിന്നു തെരഞ്ഞെടുത്തു"

പ്രഭാഷകൻ 45/16

## സെപ്റ്റംബർ 12



അപ്രകാരം മനുഷ്യർ നിങ്ങളുടെ സത്പ്രവത്തികൾ കണ്ട് സ്വർഗ്ഗസ്ഥനായ നിങ്ങളുടെ പിതാവിനെ മഹത്വപ്പെടുത്തേണ്ടതിന് നിങ്ങളുടെ വെളിച്ചം അവരുടെ മുമ്പിൽ പ്രകാശിക്കട്ടെ

വി. മത്തായി. 5/16

www.malankaralibrary.com



# കഹനൂസ



## സെപ്റ്റംബർ 13



നീ എല്ലാവിധത്തിലും സൽപ്രവൃത്തികൾക്കു മാതൃകയായിരിക്കുക. നിന്റെ പ്രബോധനങ്ങളിൽ സത്യസന്ധതയും ഗൗരവബോധവും ആരും കുറ്റം പറയാത്തവിധം നിർദോഷമായ സംസാരരീതിയും പ്രകടമാക്കുക.

തീത്തോസ്. 2/6 –8

## സെപ്റ്റംബർ 14



എന്നെ ശുശ്രൂഷിക്കാൻ ആഗ്രഹിക്കുന്നവൻ എന്നെ അനുഗമിക്കട്ടെ

വി. യോഹന്നാൻ 12/26



## സെപ്റ്റംബർ 15



അവിവാഹിതൻ കർത്താവിനെ എങ്ങനെ സംപ്രീതനാക്കാമെന്നു ചിന്തിച്ച് കർത്താവിന്റെ കാര്യങ്ങളിൽ തൽപരനാകുന്നു

1 കോറിന്തോസ് 7/32

## സെപ്റ്റംബർ 16



ഈ നിധി മൺപാത്രങ്ങളിലാണ് ഞങ്ങൾക്കു ലഭിച്ചിട്ടുള്ളത്

2 കോറിന്തോസ് 4/7

www.malankaralibrary.com



# കഹനൂസ



## സെപ്റ്റംബർ 17



സർപ്പത്തിൽ നിന്നെന്നപോലെ
പാപത്തിൽ നിന്ന് ഓടിയകലുക.

പ്രഭാഷകൻ 21/2

## സെപ്റ്റംബർ 18



ആരുടെയും ആകാരഭംഗി
നോക്കിയിരിക്കരുത്. സ്ത്രീകളുടെ
ഇടയിൽ ഇരിക്കയുമരുത്.

പ്രഭാഷകൻ 42/12-13



## സെപ്റ്റംബർ 19



മറ്റുള്ളവരോടു സുവിശേഷം പ്രസംഗിച്ച ഞാൻ തന്നെ
തിരസ്കൃതനാകാതിരിക്കുന്നതിന് എന്റെ ശരീരത്തെ
ഞാൻ കർശനമായി നിയന്ത്രിച്ചു കീഴടക്കുന്നു.

1 കോറിന്തോസ് 9/27

## സെപ്റ്റംബർ 20



ഭഗ്നാശരാകാതെ
എപ്പോഴും പ്രാർത്ഥിക്കണം.

വി. ലൂക്കാ 18/1

www.malankaralibrary.com



# കഹനൂസ



## സെപ്റ്റംബർ 21



**വചനം പ്രസംഗിക്കുക. സാഹചര്യം അനുകൂലമാണെങ്കിലും അല്ലെങ്കിലും ജാഗരൂകതയോടെ വർത്തിക്കുക**

2 തിമോത്തിയോസ് 4/2

## സെപ്റ്റംബർ 22



**എന്റെ വചനവും പ്രസംഗവും വിജ്ഞാനം കൊണ്ട് വശീകരിക്കുന്നതായിരുന്നില്ല. പ്രത്യുത ആത്മാവിന്റെയും ശക്തിയുടെയും വെളിപ്പെടുത്തലായിരുന്നു.**

1 കോറിന്തോസ്. 2/4



## സെപ്റ്റംബർ 23



**നിങ്ങൾ അരമുറുക്കിയും വിളക്കു കത്തിച്ചും ഇരിക്കുവിൻ**

വി. ലൂക്കാ 12/35

## സെപ്റ്റംബർ 24



**എന്നെ ശക്തനാക്കുന്നവനിലൂടെ എല്ലാം ചെയ്യാൻ എനിക്ക് സാധിക്കും**

ഫിലിപ്പിയർ. 4/13

www.malankaralibrary.com



# കഹനൂസ



## സെപ്റ്റംബർ 25

**എല്ലാ സമയവും ആത്മാവിൽ പ്രാർത്ഥനാ നിരതരായിരിക്കുവിൻ**

എഫേസോസ് 6/18

## സെപ്റ്റംബർ 26

**കർത്താവിന്റെ ശുശ്രൂഷകരായ പുരോഹിതന്മാർ പൂമുഖത്തിനും ബലിപീഠത്തിനും മധ്യേ നിന്നു കരഞ്ഞുകൊണ്ടു പ്രാർത്ഥിക്കട്ടെ.**

ജോയേൽ 2/17



## സെപ്റ്റംബർ 27

**കർത്താവ് എത്ര നല്ലവനെന്ന് രുചിച്ചറിയുവിൻ**

സങ്കീർത്തനം 34/8

## സെപ്റ്റംബർ 28

**പ്രഭാതത്തിലുണർന്ന് അവളെ (ദൈവികജ്ഞാനം) തേടുന്നവർ പ്രയാസം കൂടാതെ അവളെ കണ്ടുമുട്ടും. അവൾ വാതിൽക്കൽ കാത്തു നിൽപുണ്ട്.**

ജ്ഞാനം 6/14

www.malankaralibrary.com



# കഹനൂസ



## സെപ്റ്റംബർ 29

**നിങ്ങളിൽ ജ്ഞാനം കുറവുള്ളവർ ദൈവത്തോട് ചോദിക്കട്ടെ. അവന് അതു ലഭിക്കും.**

യാക്കോബ് 1/5



സെപ്റ്റംബർ – 8

**ദൈവമാതാവിന്റെ ജനന തിരുനാൾ**



## സെപ്റ്റംബർ 30

**നിങ്ങളിൽ ഏറ്റവും വലിയവൻ ഏറ്റവും ചെറിയവനെപ്പോലെയും അധികാരമുള്ളവൻ ശുശ്രൂഷകനെപ്പോലെയും ആയിരിക്കണം**

വി. ലൂക്കാ 22/26



സെപ്റ്റംബർ – 20

**മലങ്കര പുനരൈക്യദിനം**

1930

www.malankaralibrary.com



# കഹനൂസ





## ഒക്ടോബർ 01




**വെളിപാടുകളുടെ ആധിക്യത്താൽ ഞാൻ അത്യധികം ആഹ്ലാദിക്കാതിരിക്കേണ്ടതിന് ശരീരത്തിൽ ഒരു മുള്ള് എനിക്ക് നൽകപ്പെട്ടിരിക്കുന്നു**

2 കോറിന്തോസ് 12/7

## ഒക്ടോബർ 02




**ഞങ്ങൾ ക്രിസ്തുവിന്റെ സ്ഥാനപതികളാണ്. ഞങ്ങൾ വഴി ദൈവം നിങ്ങളോട് അഭ്യർത്ഥിക്കുന്നു. നിങ്ങൾ ദൈവത്തോട് രമ്യതപ്പെടുവിൻ.**

2 കോറിന്തോസ് 5/20



## ഒക്ടോബർ 03




**ഞാൻ എന്തായിരിക്കുന്നുവോ അതു ദൈവകൃപയാലാണ്**

1 കോറിന്തോസ് 15/10

## ഒക്ടോബർ 04




**സ്വന്തമായി എന്തെങ്കിലും മേന്മ അവകാശപ്പെടാൻ ഞങ്ങൾ യോഗ്യരല്ല. ഞങ്ങളുടെ യോഗ്യത ദൈവത്തിൽ നിന്നാണ്.**

2 കോറിന്തോസ് 3/5

www.malankaralibrary.com



# കഹനൂസ





## ഒക്ടോബർ 05



ഇതുപോലെ തന്നെ നിങ്ങളും കൽപിക്കപ്പെട്ടവയെല്ലാം ചെയ്തതിനു ശേഷം, ഞങ്ങൾ പ്രയോജനമില്ലാത്ത ദാസന്മാരാണ്, കടമ നിർവ്വഹിച്ചതേയുള്ളൂ എന്നു പറയുവിൻ


വി. ലൂക്കാ 117/10

## ഒക്ടോബർ 06



അവിടുന്നാണ് എന്റെ കർത്താവ്. അങ്ങിൽ നിന്നല്ലാതെ എനിക്കു നന്മയില്ല എന്നു ഞാൻ കർത്താവിനോടു പറയും

സങ്കീർത്തനം 16/2



## ഒക്ടോബർ 07



ഞാൻ സുവിശേഷം പ്രസംഗിക്കുന്നെങ്കിൽ അതിൽ എനിക്കു അഹംഭാവത്തിനു വകയില്ല. അത് എന്റെ കടമയാണ്

1 കോറിന്തോസ് 9/16

## ഒക്ടോബർ 08



എന്നെ കൂടാതെ നിങ്ങൾക്ക് ഒന്നും ചെയ്യാൻ കഴിയുകയില്ല

വി. യോഹന്നാൻ 15/5

# കഹനൂസ



## ഒക്ടോബർ 09




**ദൈവത്തിൽ ആശ്രയിക്കുന്നവൻ വീണ്ടും ശക്തി പ്രാപിക്കും**

ഏശയ്യ 40/31



## ഒക്ടോബർ 10




**ക്രിസ്തുവിന്റെ ശക്തി എന്റെ മേൽ ആവസിക്കേണ്ടതിനു ഞാൻ പൂർവാധികം സന്തോഷത്തോടെ എന്റെ ബലഹീനതയെക്കുറിച്ചു പ്രശംസിക്കും**

2 കോറിന്തോസ് 12/9



## ഒക്ടോബർ 11




**ഞാൻ നിന്റെയും അവന്റെയും നാവിനെ ശക്തിപ്പെടുത്തും. നിങ്ങൾ ചെയ്യേണ്ടതു നിങ്ങൾക്കു ഞാൻ പഠിപ്പിച്ചു തരുകയും ചെയ്യും**

പുറപ്പാട് 4/15

## ഒക്ടോബർ 12




**ദൈവത്തോടൊത്തു ഞങ്ങൾ ധീരമായി പൊരുതും**

സങ്കീർത്തനം 60/12

www.malankaralibrary.com



# കഹനൂസ





## ഒക്ടോബർ 13



ഏതു കാര്യത്തിലും നമ്മുടെ ആത്മീയ ഗുരു നമ്മെ നയിക്കുമ്പോൾ അത് പാപകരമല്ലെന്ന് തീർച്ചപ്പെടുത്തുന്നെങ്കിൽ ദൈവം തന്നെ നമ്മോട് സംസാരിച്ചെന്ന് ഉറപ്പിച്ച് നാം സുരക്ഷിതരായിരിക്കുമെന്ന് മനസിലാക്കാം


വി. ബർണാർദ്

## ഒക്ടോബർ 14



നിങ്ങളുടെ ഉൽകണ്ഠകളെല്ലാം അവിടുത്തെ ഏൽപിക്കുവിൻ. അവിടുന്ന് നിങ്ങളുടെ കാര്യത്തിൽ ശ്രദ്ധാലുവാണ്

1 പത്രോസ്. 5/7



## ഒക്ടോബർ 15



കർത്താവ് തന്നു.
കർത്താവ് എടുത്തു.
കർത്താവിന്റെ നാമം മഹത്വപ്പെടട്ടെ.

ജോബ് 1/21

## ഒക്ടോബർ 16



എല്ലാ വിധത്തിലും ദൈവത്തിന്റെ ദാസന്മാരാണെന്ന് ഞങ്ങൾ അഭിമാനിക്കുന്നു

2 കോറിന്തോസ്. 6/14

www.malankaralibrary.com



# കഹനൂസ



## ഒക്ടോബർ 17




**ഒരുക്കമുള്ള ഹൃദയം അങ്ങ് എനിക്കു തരുമ്പോൾ ഞാൻ അങ്ങയുടെ പ്രമാണങ്ങളുടെ പാതയിൽ ഉത്സാഹത്തോടെ ചരിക്കും.**

സങ്കീർത്തനം. 110/32

## ഒക്ടോബർ 18




**നിങ്ങൾ പരിശുദ്ധാത്മാവിനെ സ്വീകരിക്കുവിൻ**

വി. യോഹന്നാൻ 20/22





## ഒക്ടോബർ 19



**ജനങ്ങളുടെ ഇടയിൽ നിന്നും എടുക്കപ്പെട്ട് ജനങ്ങൾക്കായി അഭിഷിക്തരായി ജനങ്ങളുടെ ഇടയിൽ വസിക്കുന്നവരാണ് പുരോഹിതർ**

ഫ്രാൻസിസ് മാർപ്പാപ്പ

## ഒക്ടോബർ 20



**ഇടയൻ ആടുകളുടെ മണമുള്ളവനായിരിക്കണം**

ഫ്രാൻസിസ് മാർപ്പാപ്പ

www.malankaralibrary.com




# കഹനൂസ







## ഒക്ടോബർ 21



**പുരോഹിതന്റെ ചുമതലകൾ സ്വർഗത്തിലെ കാര്യങ്ങളിൽ എണ്ണപ്പെടുത്തണം**

വി. ജോൺ ക്രിസോസ്റ്റം

## ഒക്ടോബർ 22



**പുരോഹിതനിൽ വിശ്വസിച്ചേൽപ്പിച്ചിരിക്കുന്ന ദൗത്യങ്ങൾ ദൈവീകമാണ്**

വി. സിറിൾ


## ഒക്ടോബർ 23



**ഒരു ദൈവിക ഉദ്യോഗമാണ് പൗരോഹിത്യം**

വി. അംബ്രോസ്

## ഒക്ടോബർ 24



**പുരോഹിതൻ ഭൂമിയിൽ തീരുമാനിക്കുന്നതെല്ലാം സ്വർഗത്തിൽ സ്ഥിരീകരിക്കുന്നു**

വി. ജോൺ ക്രിസോസ്റ്റം

www.malankaralibrary.com




# കഹനൂസ





## ഒക്ടോബർ 25



**രാജാക്കന്മാരുടെയും മാലാഖമാരുടെയും എല്ലാ അന്തസുകളെക്കാളും കൂടുതൽ ഉയർന്ന് നിൽക്കുന്ന അന്തസാണ് പൗരോഹിത്യം**


വി. ബർണാദ്

## ഒക്ടോബർ 26




**ശരീരത്തെക്കാൾ എത്ര കുലീനമാണ് ആത്മാവ്, അതുപോലെ രാജത്വത്തെക്കാൾ വളരെ ശ്രേഷ്ഠമാണ് പൗരോഹിത്യം**

വി. ക്ലമന്റ്



## ഒക്ടോബർ 27



**പുരോഹിതരെ ബഹുമാനിക്കുന്നത് ഒരു നല്ല രാജകുമാരന്റെ അടയാളമാണ്**

വി. മർസെല്ലിനസ്

## ഒക്ടോബർ 28



**പുരോഹിതൻ യേശുക്രിസ്തുവിന്റെ മാതാപിതാക്കളാണ്**

വി. അഗസ്തിനോസ്

www.malankaralibrary.com



# കഹനൂസ



## ഒക്ടോബർ 29



**തന്റെ സ്വന്തം അധികാരങ്ങൾ പുരോഹിതരിൽ യേശു നിക്ഷേപിക്കുന്നു**

തെർത്തുല്യൻ

## ഒക്ടോബർ 31



**ഭൂമിയിൽ ദൈവത്തെ അവിരാമം സ്തുതിക്കുന്നതിനുള്ള പദവിയാണ് പൗരോഹിത്യം**

കൊർണിലിയസ് ലാപിഡേ





## ഒക്ടോബർ 30



**സ്വർഗവും ഭൂമിയും, സൃഷ്ടിക്കുന്നതിനേക്കാൾ വലിയ ഒരു അദ്ധ്വാനമാണ് ഒരു പാപിയെ പാപമുക്തമാക്കി ശുദ്ധമാക്കുന്നത്**

വി. അഗസ്തിനോസ്



ഒക്ടോബർ – 9

**ഗോത്രപിതാവായ അബ്രാഹം**

www.malankaralibrary.com




# കഹനൂസ








## നവംബർ 01



**പുരോഹിതൻ ദൈവത്തിന്റെ സ്വന്തമാണ്**

വി. പീറ്റർ ഡാമിയൻ

## നവംബർ 02



**വിദഗ്ധമായി പഠിപ്പിക്കുന്നവനാണ് പുരോഹിതൻ**

വി. അന്റോണിൻ

## നവംബർ 03



**വഴി കാട്ടുന്നവനാണ് പുരോഹിതൻ**

ഹൊണോറിയസ്

## നവംബർ 04



**പുരോഹിതൻ ക്രിസ്തുവിന്റെ കൂട്ടത്തിന്റെ മാർഗനിർദേശിയും ബോധകനുമാണ്**

വി. അംബ്രോസ്

www.malankaralibrary.com



# കഹനൂസ



## നവംബർ 05



**പുരോഹിതൻ അവരുടെ അന്തസിന് അനുയോജ്യമായ പ്രവൃത്തികൾ മൂലമായിരിക്കും രക്ഷപെടുക**

വി. ജറോം

## നവംബർ 06



**പൗരോഹിത്യ പദവിയിൽ ഒരാൾ പ്രവേശിക്കുമ്പോൾ പരിശുദ്ധിയിൽ ആയിരിക്കണം.**

വി. അഗസ്തിനോസ്




## നവംബർ 07



**ഭൂമിയിൽ മനുഷ്യരോടൊത്ത് മാലാഖമാരെപ്പോലെ പുരോഹിതൻ ജീവിക്കണം**

വി. ജോൺ ക്രിസോസ്റ്റം

## നവംബർ 08



**വിശ്വാസികളേക്കാൾ പുരോഹിതർക്ക് ഏറെ പരിശുദ്ധി ആവശ്യമുണ്ട്**

വി. തോമസ് അക്വിനാസ്

www.malankaralibrary.com



# കഹനൂസ





## നവംബർ 09



**ദൈവേച്ഛ പ്രകാരമുള്ള ന്യായാധിപന്മാരാണ് പുരോഹിതർ**

വി. പ്രോസ്പർ

## നവംബർ 10



**ലോകത്തിന്റെ അടിസ്ഥാനം, വിശ്വാസത്തിന്റെ സ്തംഭങ്ങളാണ് പുരോഹിതർ**

വി. ഗ്രിഗറി നസിയാൻസൻ



## നവംബർ 11



**നിത്യ നഗരത്തിലേക്കുള്ള പ്രവേശന കവാടങ്ങളാണ് പുരോഹിതർ**

വി. പ്രോസ്പർ

## നവംബർ 12



**മറ്റുള്ളവരെ നവീകരിക്കുവാൻ പുരോഹിതൻ കുറ്റമറ്റവനായിരിക്കണം**

ഹൊർമിസ്ഡാസ് പോപ്പ്

www.malankaralibrary.com



# കഹനൂസ







## നവംബർ 13



**പുരോഹിതൻ സ്വയം ആത്മീയ ഉന്നതി നേടണം**

വി. ഗ്രിഗറി

## നവംബർ 14



**ഭൂമിയിലെ ദൈവമാണ് പുരോഹിതൻ**

വി. ക്ലമന്റ്

## നവംബർ 15



**പുരോഹിതൻ രൂപവൽക്കരിക്കപ്പെട്ടിരിക്കുന്നത് വിശുദ്ധിയിലാണ്. ആത്മനിയന്ത്രണമില്ലായ്മ അവരെ അപഹരിക്കുന്നു.**

വി. ഇസിദോർ

## നവംബർ 16



**പുരോഹിതന്റെ യോഗ്യത അവിടുത്തെ കരുണയിലാണ്**

വി. അഗസ്തിനോസ്

www.malankaralibrary.com

വചന വഴി വെളിച്ചം - 7

# കഹനൂസ

അനുദിന ധ്യാന ചിന്തകൾ



## നവംബർ 17



**പുരോഹിതൻ നിത്യജീവിതത്തിനായി നമ്മെ പരിണമിപ്പിക്കുന്നു**

വി. ജോൺ ക്രിസോസ്റ്റം

## നവംബർ 18



**വിശുദ്ധ വസ്തുക്കൾ വിതരണം ചെയ്യുന്നയാളാണ് പുരോഹിതൻ**

വി. തോമസ് അക്വിനാസ്



## നവംബർ 19



**ക്രിസ്തുവിന്റെ പറ്റത്തിന്റെ നായകരാണ് പുരോഹിതർ**

വി. അംബ്രോസ്

## നവംബർ 20



**ഒരാൾ ഉന്നതജാതനാണെന്നുള്ളതല്ല പക്ഷെ ഒരാളുടെ പെരുമാറ്റമാണ് ദൈവ വിളി തെളിയിക്കുന്നത്**

വി. ഗ്രിഗറി

www.malankaralibrary.com



# കഹനൂസ





## നവംബർ 21



**നമ്മുടെ ജീവിതത്തിന്റെ എല്ലാ കാര്യത്തിന്റെയും പ്രധാനപ്പെട്ട ചക്രമാണ് ദൈവത്തിൽ നിന്നുള്ള നിയോഗം**

വി. ഗ്രാനഡ

## നവംബർ 22



**ദൈവം വിളിക്കുമ്പോൾ അവിടുന്നുതന്നെ വേണ്ടുന്ന സഹായങ്ങളും നൽകുന്നു**

വി. ലിയോ



## നവംബർ 23



**ബലിപീഠത്തിൽ പുരോഹിതൻ യേശു ക്രിസ്തുവിന്റെ അതേ വ്യക്തിത്വത്തെ പ്രതിനിധീകരിക്കുന്നു**

വി. സിപ്രിയാൻ

## നവംബർ 24



**പരിശുദ്ധമായ അനുസരണയുടെ നന്മയാൽ പുരോഹിതൻ വി. കുർബ്ബാന ചൊല്ലണം**

വി. പയസ് V

www.malankaralibrary.com



# കഹനൂസ





## നവംബർ 25



**പുരോഹിതൻ സാധ്യമായ ഏറ്റവും വലിയ ദൈവഭക്തിയാൽ വി. കുർബ്ബാന അർപ്പിക്കണം**

ട്രന്റ് കൗൺസിൽ

## നവംബർ 26



**ദിവ്യബലി അർപ്പിക്കുന്ന ഒരു പുരോഹിതന്റെ ബാഹ്യമായ പെരുമാറ്റം തന്റെ ഉള്ളിലുള്ള പ്രകൃതത്തെ വെളിപ്പെടുത്തുന്നു**

വി. ബൊനവെന്തുര



## നവംബർ 27



**അഭിഷിക്തനായ ദിവസം മുതൽ പുരോഹിതൻ അവരുടേതല്ല മറിച്ച് ദൈവത്തിന്റെ സ്വന്തമാണ്**

വി. അംബ്രോസ്

## നവംബർ 28



**എല്ലാ തലങ്ങളിലും ജനത്തെ ബോധദീപ്തമാക്കുന്ന നക്ഷത്രങ്ങളാണ് പുരോഹിതർ**

നിക്കോളാസ് മാർപാപ്പ

www.malankaralibrary.com



# കഹനൂസ




## നവംബർ 29



**സമുദ്രത്തിന്റെ നടുവിലും ലോകത്തിന്റെ ഇരുട്ടിലും യാത്ര ചെയ്യുന്ന ഭൗതികർ നാശത്തിൽ നിന്നും രക്ഷ പെടാനായി ഉറ്റു നോക്കുന്ന മുന്നറിയിപ്പുകളുടെ ദീപസ്തംഭമായിരിക്കണം ഒരു പുരോഹിതൻ**

വി. ചാൾസ് ബാറോമിയോ






**നവംബർ 14**
**മാർ ഫീലിപ്പോസ് ശ്ലീഹ**

## നവംബർ 30



**പുരോഹിതർ എല്ലാവരുടെയും പിതാക്കന്മാരാണ്. ആത്മീയതയുടെ എല്ലാ കാര്യങ്ങളും ചെയ്യേണ്ടത് പുരോഹിതന്മാരാണ്**

വി. ജോൺ ക്രിസോസ്റ്റം




**നവംബർ 16**
**മാർ മത്തായി ശ്ലീഹ**

www.malankaralibrary.com



# കഹനൂസ





## ഡിസംബർ 01



**പുണ്യപ്പെട്ടത് കൊടുക്കുന്നയാളാണ് പുരോഹിതൻ**

വി. പീറ്റർ ഡി. ബ്ലോയിസ്

## ഡിസംബർ 02



**പുരോഹിതർ വിശുദ്ധരായിരിക്കണം, വിശുദ്ധരായി കാണപ്പെടണം**

വി. ഗ്രിഗറി



## ഡിസംബർ 03



**ജനങ്ങളുടെ രക്ഷയെന്നത് അവരെ നിയന്ത്രിക്കുന്നവരുടെ സത്യസന്ധതയാണ്**

വി. ലിയോ

## ഡിസംബർ 04



**ബ്രഹ്മചര്യം എന്ന നന്മയുടെ യോഗ്യതയാൽ പുരോഹിതർ മാലാഖമാരെപ്പോലെ തന്നെയാണ്**

കാസിയൻ

www.malankaralibrary.com



# കഹനൂസ







## ഡിസംബർ 05



**വിശുദ്ധിയും ബ്രഹ്മചര്യവും എല്ലാവർക്കും വളരെ അത്യാവശ്യമാണ് പ്രത്യേകിച്ച് അൾത്താരയിലെ ശുശ്രൂഷകർക്ക്**

വി. അഗസ്തിനോസ്


## ഡിസംബർ 06



**വിഷയലമ്പടത്തെ കഠിനാദ്ധ്വാനം കൊണ്ട് അടിച്ചമർത്തണം**

വി. ഇസിഡോർ

## ഡിസംബർ 07



**ദൈവത്തിന്റെ സഹായമില്ലാതെ പുരോഹിതന് വിശുദ്ധിയിൽ തന്നെത്തന്നെ നിലനിർത്താനാവില്ല**

കാസിയൻ

## ഡിസംബർ 08



**കലകളുടെ കലയാണ് ആത്മാക്കളെ നയിക്കുന്ന കലയായ കുമ്പസാരം**

വി. ഗ്രിഗറി

www.malankaralibrary.com



# കഹനൂസ





## ഡിസംബർ 09



**കർത്താവിന്റെ വിശുദ്ധരേ**
**അവിടുത്തെ പാടി പുകഴ്ത്തുവിൻ**

സങ്കീർത്തനം 30/4

## ഡിസംബർ 10



**നിങ്ങളിൽ ഏറ്റവും വലിയവൻ ഏറ്റവും**
**ചെറിയവനെപ്പോലെയും അധികാരമുള്ളവൻ**
**ശുശ്രൂഷകനെപ്പോലെയും ആയിരിക്കണം**

വി. ലൂക്കാ 22/26



## ഡിസംബർ 11



**ഞാൻ ശാന്തശീലനും വിനീത**
**ഹൃദയനുമാകയാൽ എന്റെ നുകം**
**വഹിക്കുകയും എന്നിൽ നിന്നു**
**പഠിക്കുകയും ചെയ്യുവിൻ**

വി. മത്തായി. 11/29

## ഡിസംബർ 12



**മുഴുവൻ ജനത്തേയും**
**പരിവർത്തനപ്പെടുത്തുന്നതിന്**
**തീക്ഷ്ണതയാൽ ജ്വലിച്ചു നിൽക്കുന്ന**
**ഒരു പുരോഹിതൻ മതിയാകും**

വി. ജറോം

www.malankaralibrary.com



# കഹനൂസ





## ഡിസംബർ 13




**വിനീതന്റെ പ്രാർത്ഥന മേഘങ്ങൾ തുളച്ചു കയറുന്നു**

പ്രഭാഷകൻ 16/21

## ഡിസംബർ 14



**എളിമയുള്ളവൻ ദൈവത്തിൽ പ്രവർത്തിച്ച് ദൈവികമായ കരത്തിന്റെ ശക്തിയാൽ പ്രവർത്തിക്കുന്നു**

വി. ലിയോ



## ഡിസംബർ 15



**ദൈവം തന്നിലൂടെ വലിയ കാര്യങ്ങൾ പ്രവർത്തിക്കണമെന്ന് അഗ്രഹിക്കുന്ന ഒരാൾ മറ്റെല്ലാവർക്കും ഉപരിയായി വിനീതനായി വർത്തിക്കാൻ പ്രയത്നിക്കണം**

വി. ജോസഫ് കാലസാൻഷ്യസ്

## ഡിസംബർ 16



**നിന്ദനങ്ങൾ എളിമയാക്കി പരിവർത്തനം ചെയ്യുന്നയാളാണ് വിനയാന്വിതൻ**

വി. ബർണാർദ്

www.malankaralibrary.com



# കഹനൂസ




## ഡിസംബർ 17



**നിന്ദിക്കപ്പെട്ടപ്പോൾ അവൻ പകരം നിന്ദിച്ചില്ല. പീഡനമേറ്റപ്പോൾ ഭീഷണിപ്പെടുത്തിയില്ല. പിന്നെയോ നീതിയോടു വിധിക്കുന്നവനു തന്നെ ത്തന്നെ ഭരമേൽപിക്കുകയാണ് ചെയ്തത്**

1 പത്രോസ് 2/23



## ഡിസംബർ 18



**കർത്താവ് എളിയവരെ ഉയർത്തുന്നു**

സങ്കീർത്തനം 147/6




## ഡിസംബർ 19



**കോപം എന്ന വികാരം ഒന്നെങ്കിൽ ഒഴിവാക്കണം അല്ലെങ്കിൽ തടയണം, നിയന്ത്രിക്കണം.**

വി. അംബ്രോസ്

## ഡിസംബർ 20



**ശാന്തശീലതയെന്ന സ്വഭാവം അറിയാത്ത ആളോട് സൗമനസ്യത്തോടെ, മാധുര്യ ത്തോടെ പെരുമാറണം**

വി. ജോൺ ക്രിസോസ്റ്റം

# കഹനൂസ






## ഡിസംബർ 21



**ജലം അഗ്നിയെ കെടുത്തുന്നതുപോലെ സൗമ്യമായ മറുപടി കോപത്തെ മയപ്പെടുത്തുന്നു**

വി. ജോൺ ക്രിസോസ്റ്റം

## ഡിസംബർ 22



**മറുപടി വൈകിക്കുന്നതാണ് ഏറ്റവും നല്ല പ്രതിവിധി. വികാരം ആത്മാവിന്റെ നയനങ്ങളെ മൂടുന്ന ഒരുതരം ആവരണമാണ്.**

സെനെക്ക



## ഡിസംബർ 23




**കോപിച്ചു കൊള്ളുക എന്നാൽ പാപം ചെയ്യരുത്**

സങ്കീർത്തനം 4/5

## ഡിസംബർ 24



**തിരുത്തലിനു മുൻപായി സഹോദരനോട് രോഷമല്ല, അനുകമ്പയാണ് വേണ്ടത്**

വി. അഗസ്തിനോസ്

www.malankaralibrary.com



# കഹനൂസ





## ഡിസംബർ 25




**നിങ്ങളുടെ കോപം സൂര്യൻ അസ്തമിക്കുന്നതുവരെ നീണ്ടുപോകാതിരിക്കട്ടെ**

എഫേസോസ് 4/26

## ഡിസംബർ 26




**അവഹേളനങ്ങൾ വിനയമാക്കി മാറ്റുന്നയാളാണ് വിനയാന്വിതൻ**

വി. ബർണാർദ്



## ഡിസംബർ 27



**അവഹേളനങ്ങൾ ഏൽക്കുന്ന സമയം എന്നത് നമ്മുടെ കാഴ്ചപ്പാടുകൾ നീക്കം ചെയ്യപ്പെടുന്ന സമയമാണ്**

ഫാ. അൽവാറസ്

## ഡിസംബർ 28



**പുകഴ്ത്തലുകൾ വഴിയായി കുറ്റബോധമുള്ള മനസ് സൗഖ്യപ്പെടുന്നില്ല ഒരു നല്ല മനസ് നിന്ദനങ്ങളിൽ മുറിവേൽക്കപ്പെടുന്നില്ല**

വി. അഗസ്തിനോസ്

www.malankaralibrary.com



# കഹനൂസ



## ഡിസംബർ 29



**പ്രാർത്ഥന ഹൃദയത്തിലേക്ക് ദിവ്യമായ സ്നേഹം നിവേശിപ്പിക്കുന്നു. പരോപകാരത്തിനു ഒരു വേദി തയ്യാറാക്കുന്നത് ഇന്ദ്രിയ നിഗ്രഹമാണ്**

വി. ഫ്രാൻസിസ് ബോർജിയ

## ഡിസംബർ 31





**വിലകെട്ടവ പറയാതെ
സദ് വചനങ്ങൾ മാത്രം സംസാരിച്ചാൽ
നീ എന്റെ നാവുപോലെയാകും.
അവർ നിന്റെ അടുക്കലേക്കു വരും**

ജെറമിയ 15/19





## ഡിസംബർ 30



**ഏറ്റവും നിസാരമായ കാര്യങ്ങളിൽ പോലും സ്വയം ഉപേക്ഷിക്കുക എന്നത് ഒരു നിസാര കാര്യമല്ല**

വി. തോമസ് അക്വിനാസ്



**ഡിസംബർ 25**
**യൽദാപ്പെരുനാൾ**

www.malankaralibrary.com

## പ്രത്യേക നന്ദി

റവ.ഫാ. ഡോ. റെജി വർഗീസ് മനക്കലേട്ട്
റവ.ഫാ. ഡോ. ഷാജി മാത്യൂസ് വാഴയിൽ
റവ.ഫാ. ഡോ. ജിജി ഫിലിപ്പ് ചരിവുപുരയിടം
റവ.ഫാ. രഞ്ജിത്ത് മഠത്തിറമ്പിൽ
റവ.ഫാ. ഡോ. ജോസഫ് വാളംപറമ്പിൽ
റവ.ഫാ. ഡോ. ജോസഫ് കളരിപറമ്പിൽ
റവ.ഫാ. മാത്യു കൊച്ചുപുരയ്ക്കൽ
റവ.ഫാ. വർഗീസ് തെക്കേമണ്ണിൽ
റവ.ഫാ. ഫിലിപ്പ് വട്ടമറ്റം
റവ.ഫാ. ജേക്കബ് വാഴക്കുന്നത്ത്
റവ.ഫാ. ജോബിൻ വായ്പ്പുമേപ്പുറത്ത്
റവ.ഫാ. ഡോ. ഏബ്രഹാം ഇരിമ്പിനിയ്ക്കൽ
റവ.ഫാ. റിജോ പുത്തൻപറമ്പിൽ
റവ.ഫാ. ലിജു തുണ്ടിയിൽ
റവ.ഫാ. സെബാസ്റ്റ്യൻ കുന്നുംപുറത്ത്
ശ്രീ. ജേക്കബ് സി. ഏബ്രഹാം & കുടുംബം
ചിറയിൽ, ചങ്ങനാശ്ശേരി

തിരുമൂലപുരം
20/09/2022
92-ാം മലങ്കര പുനരൈക്യ വാർഷികം

# കഹനൂസ

### വചന വഴി വെളിച്ചം - 7

## വൈദികർക്കുള്ള അനുദിന ധ്യാന ചിന്തകൾ



**Fr. Mathew Chirayil**
Evangelisation Director-
Archdiocese of Tiruvalla & Vicar
St.Louis IX malankara catholic church
Valankkara, Vennikulam p.o.
Pathanamthitta district
Kerala 689544
Mobile 9447932140
sunishfr1975@gmail.com

www.malankaralibrary.com

1963
2023
DIAMOND JUBILEE



